

Credit: Shankar

*'ശങ്കർ, എന്നെ ഒഴിവാക്കരുത്'* എന്ന ശങ്കറിന്റെ കാർട്ടൂൺ ശേഖരത്തിന്റെ മുഖചിത്രമാണ് ഈ പ്രശസ്തമായ വര. ഇന്ത്യാ-ചൈന നയത്തിന്റെ പശ്ചാത്തലത്തിലാണ് ഇത് യഥാർത്ഥത്തിൽ വരച്ചതെങ്കിലും ഏകകക്ഷി മേധാവിത്വകാലഘട്ടത്തിലുള്ള കോൺഗ്രസിന്റെ രണ്ടു മുഖങ്ങളെയാണ് കാർട്ടൂൺ പ്രതിഫലിപ്പിക്കുന്നത്.

**ഈ അധ്യായത്തിൽ...**

കഴിഞ്ഞ അധ്യായത്തിൽ വിവരിച്ചിരിക്കുന്ന രാഷ്ട്ര നിർമാണത്തിന്റെ വെല്ലുവിളികൾ ജനാധിപത്യം സ്ഥാപിക്കുന്നതിന്റെ വെല്ലുവിളിയും കൂടിയാണ്. അതുകൊണ്ട് രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള തെരഞ്ഞെടുപ്പു മൽസരം സ്വാതന്ത്ര്യത്തോടുകൂടി തന്നെ ആരംഭിച്ചു. താഴെ തന്നിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ ആദ്യദശകം ഈ അധ്യായത്തിൽ നാം പരിശോധിക്കുന്നു.

- സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പു സമ്പ്രദായത്തിന്റെ സ്ഥാപനം
- സ്വാതന്ത്ര്യത്തിനുശേഷമുള്ള ആദ്യ വർഷങ്ങളിലെ കോൺഗ്രസ് പാർട്ടിയുടെ മേധാവിത്വം
- പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികളുടെ ഉദയവും അവരുടെ നയങ്ങളും.

അദ്ധ്യായം 2

# ഏകകകക്ഷി മേധാവിത്വ കാലഘട്ടം
# (ERA OF ONE PARTY DOMINANCE)

## ജനാധിപത്യ നിർമ്മിതിയിലെ വെല്ലുവിളികൾ
## (Challenges of building democracy)

എത്രത്തോളം പ്രയാസകരമായ അവസ്ഥയിലാണ് സ്വതന്ത്ര ഇന്ത്യയുടെ പിറവി എന്ന് ഇപ്പോൾ നിങ്ങൾക്ക് അറിയാം. രാജ്യം അതിന്റെ ആദ്യ കാലഘട്ടത്തിൽ നേരിട്ട ഗുരുതര രാഷ്ട്രനിർമാണത്തിലെ വെല്ലുവിളികളെക്കുറിച്ച് നിങ്ങൾ വായിച്ചു കഴിഞ്ഞു. ഗൗരവതരമായ വെല്ലുവിളികളെ നേരിട്ട വിവിധ രാജ്യങ്ങളിലെ നേതാക്കന്മാർ ജനാധിപത്യവ്യവസ്ഥ ഉൾക്കൊള്ളുവാൻ അവരുടെ രാജ്യത്തിന് കഴിയുകയില്ലെന്ന് തീരുമാനിച്ചു. ദേശീയ ഐക്യമാണ് അവരുടെ പ്രഥമ പരിഗണനയെന്നും ജനാധിപത്യവ്യവസ്ഥ അഭിപ്രായ വ്യത്യാസങ്ങൾക്കും കലഹങ്ങൾക്കും കാരണമാകുമെന്നും അവർ അഭിപ്രായപ്പെട്ടു. ആയതിനാൽ കോളനിവാഴ്ചയിൽ നിന്ന് മോചിതരായ മിക്ക രാജ്യങ്ങളും ജനാധിപത്യേതര ഭരണസമ്പ്രദായത്തിലൂടെയാണ് കടന്നുപോയത്. ഇതിന് പല രൂപങ്ങൾ ഉണ്ടായിരുന്നു: ഒരു നേതാവിന്റെ ശക്തമായ നിയന്ത്രണത്തിൻ കീഴിലുള്ള നാമമാത്ര ജനാധിപത്യം, ഏകകകക്ഷി ഭരണം അല്ലെങ്കിൽ പ്രത്യക്ഷ സൈനിക ഭരണം. എത്രയും വേഗം ജനാധിപത്യം സ്ഥാപിക്കാമെന്ന ഉറപ്പിന്മേലാണ് എല്ലായ്പ്പോഴും ജനാധിപത്യേതര ഭരണകൂടങ്ങൾ രൂപീകരിക്കപ്പെട്ടത്. പക്ഷേ, ഒരിക്കൽ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ ഇവയെ പുറത്താക്കുക ദുഷ്കരമായിരിക്കും.

ഇന്ത്യയിലെ സാഹചര്യങ്ങൾ ഇതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ നേതാക്കന്മാർ കൂടുതൽ ദുർഘടമായ പാത സ്വീകരിക്കുവാൻ തീരുമാനിച്ചു. ജനാധിപത്യമെന്ന ആശയത്തോട് നമ്മുടെ സ്വാതന്ത്ര്യ പോരാട്ടത്തിന് ആഴത്തിലുള്ള പ്രതിബദ്ധത ഉണ്ടായിരുന്നതുകൊണ്ട് മറ്റു ഏത് മാർഗവും ചിന്തിക്കുവാൻ പോലും കഴിഞ്ഞിരുന്നില്ല. ഒരു ജനാധിപത്യവ്യവസ്ഥയിൽ രാഷ്ട്രീയത്തിനുള്ള നിർണായക പങ്കിനെക്കുറിച്ച് നമ്മുടെ നേതാക്കൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു. രാഷ്ട്രീയത്തെ ഒരു പ്രശ്നമായിട്ടില്ല; മറിച്ച് പ്രശ്നപരിഹാര മാർഗമായിട്ടാണ് നമ്മുടെ നേതാക്കൾ കണ്ടത്. ഓരോ സമൂഹവും എങ്ങനെ ഭരിക്കപ്പെടണമെന്നും അവ എങ്ങനെ സ്വയം നിയന്ത്രിക്കപ്പെടണമെന്നും തീരുമാനിക്കേണ്ടതുണ്ട്. തെരഞ്ഞെടുക്കുന്നതിനായി വിവിധ ബദൽ നയങ്ങൾ എല്ലായ്പ്പോഴും ഉണ്ടായിരുന്നു. വ്യത്യസ്തവും പരസ്പരം പോരടിക്കുന്നതുമായ ആശയാഭിലാഷങ്ങളുള്ള വിഭാഗങ്ങൾ ഇവിടെയുണ്ടായിരുന്നു. ഈ ഭിന്നതകളെ നാം എങ്ങനെ പരിഹരിക്കും? ജനാധിപത്യ രാഷ്ട്രീയമാണ് ഈ ചോദ്യത്തിനുള്ള ഒരു ഉത്തരം. മത്സരവും അധികാരവും രാഷ്ട്രീയത്തിന്റെ പ്രത്യക്ഷ ഘടകങ്ങളായതിനാൽ രാഷ്ട്രീയപ്രവർത്തനങ്ങളുടെ ആത്യന്തികലക്ഷ്യം പൊതുജന താൽപര്യങ്ങൾ നിർണയിക്കുകയും പിന്തുടരുകയുമാണ്. ഈ പാത പിന്തുടരുവാനാണ് നമ്മുടെ നേതാക്കന്മാർ തീരുമാനിച്ചത്.

നമ്മുടെ ഭരണഘടന എങ്ങനെയാണ് എഴുതി തയാറാക്കിയതെന്ന് കഴിഞ്ഞ വർഷം നിങ്ങൾ പഠിച്ചുവല്ലോ? ഭരണഘടന അംഗീകരിച്ചത് 1949 നവംബർ 26 നും ഒപ്പിട്ടത് 1950 ജനുവരി 24 നും പ്രാബല്യത്തിൽ വന്നത് 1950 ജനുവരി 26 നുമാണെന്ന് നിങ്ങൾ ഓർക്കുന്നുണ്ടല്ലോ? ഒരു ഇടക്കാല ഗവൺമെന്റായിരുന്നു ആ കാലഘട്ടത്തിൽ ഇന്ത്യ ഭരിച്ചിരുന്നത്. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യഭരണകൂടത്തെ രാജ്യത്ത് സ്ഥാപിക്കുകയെന്നത് ആവശ്യമായിരുന്നു. ഭരണഘടന ആവശ്യമായ ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇനി അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. തുടക്കത്തിൽ കുറച്ചു മാസത്തേക്ക് മാത്രമായുള്ള ഒരു സംവിധാനമായിട്ടായിരുന്നു ഇതിനെ കണക്കാക്കിയത്. 1950 ജനുവരിയിൽ ഇന്ത്യയുടെ തെരഞ്ഞെടുപ്പു കമ്മീഷൻ സ്ഥാപിതമായി. ആദ്യത്തെ മുഖ്യ തെരഞ്ഞെടുപ്പു കമ്മീഷണറായി സുകുമാർസെൻ നിയമിതനായി. രാജ്യത്തെ ആദ്യ തെരഞ്ഞെടുപ്പ് 1950-ൽ തന്നെ നടത്തുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു.

> ഇന്ത്യയിൽ... മറ്റ് ഏത് രാജ്യത്തെയും രാഷ്ട്രീയത്തിൽ ഇല്ലാത്ത തോതിലുള്ള സ്വാധീനമാണ് വീരാരാധനക്ക് ഇന്ത്യൻ രാഷ്ട്രീയത്തിലുള്ളത്, പക്ഷേ രാഷ്ട്രീയത്തിൽ... വീരാരാധന അധഃപ്പതനത്തിലേക്കും ക്രമേണ സ്വേച്ഛാധിപത്യത്തിലേക്കും വഴുതിപ്പോകാനുള്ള ഒരു മാർഗമാണ്.

ഭരണഘടനാശില്പി ഡോ. ബി.ആർ. അംബേദ്കർ 1949 നവംബർ 25 ന് ഭരണഘടനാനിർമ്മാണ സമിതിയിൽ നടത്തിയ പ്രസംഗം.




നമ്മൾ ഒരു ജനാധിപത്യവ്യവസ്ഥ ആയിരുക്കുന്നതിൽ എന്താണ് ഇത്ര പ്രത്യേകത?


ഇപ്പോൾ അല്ലെങ്കിൽ പിന്നീട് എല്ലാ രാജ്യങ്ങളും ജനാധിപത്യമായി മാറും. അതങ്ങനെയല്ലേ?




അത് നല്ല ഒരു തീരുമാനമാണ്. എന്നാൽ സ്ത്രീകൾക്ക് സ്വന്തമായി ഒരു പേരില്ലാത്ത തുപോലെ, ഇപ്പോഴും അവരെ ഭർത്താവിന്റെ പേരു ചേർത്ത് വിളിക്കുന്ന പുരുഷന്മാരെക്കുറിച്ച് എന്തു പറയാനാണ്?


ഇന്ത്യ പോലുള്ള ഒരു ബൃഹത്തായ രാജ്യത്ത് സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു തെരഞ്ഞെടുപ്പ് നടത്തുവാൻ പ്രയാസമാണെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ കണ്ടെത്തി. ഒരു തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണയം ആവശ്യമായിരുന്നു. ഇതിന് സമ്മതിദായക പട്ടിക അഥവാ വോട്ടുചെയ്യുവാൻ അർഹരായ എല്ലാ പൗരന്മാരുടെയും പട്ടിക തയാറാക്കേണ്ടത് ആവശ്യമായിരുന്നു. ഈ രണ്ടു ജോലികളും പൂർത്തിയാക്കാൻ ധാരാളം സമയം വേണ്ടി വന്നു. ആദ്യത്തെ കരടുപട്ടിക പ്രസിദ്ധീകരിച്ചപ്പോൾ തന്നെ ഏകദേശം 40 ലക്ഷത്തോളം സ്ത്രീകളുടെ പേരുകൾ പട്ടികയിൽ ഉൾപ്പെടുത്തിയില്ലെന്നു കണ്ടെത്തി. '........ന്റെ ഭാര്യ' അഥവാ '........ന്റെ മകൾ' എന്നിങ്ങനെ ലഘുവായി പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ തയാറാക്കിയ വോട്ടർപട്ടിക തെരഞ്ഞെടുപ്പു കമ്മീഷൻ നിരസിക്കുകയും കഴിയുമെങ്കിൽ ഇത് പുനപ്പരിശോധിക്കണമെന്നും ആവശ്യമെങ്കിൽ നീക്കം ചെയ്യണമെന്നും ഉത്തരവിട്ടു. ഒന്നാമത്തെ തെരഞ്ഞെടുപ്പിനുള്ള തയാറെടുപ്പ് ഒരു ബൃഹത്തായ പ്രക്രിയ ആയിരുന്നു. ഈ തോതിലുള്ള ഒരു തെരഞ്ഞെടുപ്പ് ലോകത്ത് ഒരിടത്തും ഇതുവരെയും നടന്നിട്ടുണ്ടായിരുന്നില്ല. 3200 എം.എൽ.എ മാരെയും 489 ലോക്സഭ അംഗങ്ങളെയും തെരഞ്ഞെടുക്കുന്നതിനായി 17 കോടി യോഗ്യരായ വോട്ടർമാർ ഇന്ത്യയിൽ അന്ന് ഉണ്ടായിരുന്നു. യോഗ്യരായ വോട്ടർമാരിൽ 15 ശതമാനം മാത്രമേ സാക്ഷരരായിട്ടുള്ളൂ. അതുകൊണ്ട് തെരഞ്ഞെടുപ്പു കമ്മീഷന് ചില പ്രത്യേക വോട്ടിംഗ് സമ്പ്രദായങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടി വന്നു. തെരഞ്ഞെടുപ്പിന്റെ സുഗമമായ നടത്തിപ്പിനായി 3 ലക്ഷത്തിൽപ്പരം ഉദ്യോഗസ്ഥർക്കും തെരഞ്ഞെടുപ്പ് ജീവനക്കാർക്കും കമ്മീഷൻ പരിശീലനം നൽകി.

രാജ്യത്തിന്റെ വലുപ്പവും സമ്മതിദായകരുടെ ബാഹുല്യവും മാത്രമല്ല തെരഞ്ഞെടുപ്പിനെ അസാധാരണമാക്കിയത്. ദരിദ്രവും നിരക്ഷരവുമായ ഒരു രാജ്യത്ത് നടക്കുന്ന ഏറ്റവും വലിയ ജനാധിപത്യ പരീക്ഷണമായിരുന്നു ആദ്യ പൊതു തെരഞ്ഞെടുപ്പ്. അതുവരെ ജനാധിപത്യം നിലനിന്നിരുന്നത് ഭൂരിഭാഗവും സമ്പന്ന രാജ്യങ്ങളിൽ പ്രത്യേകിച്ച് യൂറോപ്പിലും വടക്കേ അമേരിക്കയിലുമായിരുന്നു. അതുവരെ യൂറോപ്പിലുണ്ടായിരുന്ന മിക്ക രാജ്യങ്ങളും എല്ലാ സ്ത്രീകൾക്കും വോട്ടവ




പാർട്ടി സ്ഥാനാർഥികളെ തെരഞ്ഞെടുക്കുന്നതിന് 1951-ൽ കോൺഗ്രസ് രൂപീകരിച്ച തെരഞ്ഞെടുപ്പ് കമ്മിറ്റി കാർട്ടൂണിസ്റ്റിന്റെ ഭാവനയിൽ. കമ്മിറ്റിയിൽ നെഹ്റുവിനെ കൂടാതെ മൊറാർജി ദേശായി, റാഫി അഹമ്മദ് കിദ്വായ്, ഡോ. ബി. സി. റോയി, കാമരാജ് നാടാർ, രാജഗോപാലാചാരി, ജഗ്ജീവൻ റാം, മൗലാനാ ആസാദ്, ഡി. പി. മിശ്ര, പി.ഡി. ടണ്ടൻ, ഗോവിന്ദ് വല്ലഭായി പാന്ത്

### മാറി വരുന്ന വോട്ടിംഗ് രീതികൾ



വോട്ടർമാരുടെ മുൻഗണന രേഖപ്പെടുത്താനായി ഈ കാലങ്ങളിൽ നമ്മൾ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഈ രീതിയല്ല നമ്മൾ ആദ്യം അവലംബിച്ചത്. ആദ്യത്തെ തെരഞ്ഞെടുപ്പിൽ ഓരോ സ്ഥാനാർത്ഥിക്കും അവരവരുടെ ചിഹ്നം പതിച്ച ഒരു പെട്ടി ഓരോ പോളിംഗ് ബൂത്തിലും സ്ഥാപിക്കാൻ തീരുമാനിച്ചു. ഓരോ വോട്ടറിനും ഒരു ശൂന്യമായ ബാലറ്റ് പേപ്പർ നൽകുകയും വോട്ടു ചെയ്യാനാഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പെട്ടിയിൽ അവർ അത് ഇടുകയും വേണം. ഏകദേശം 20 ലക്ഷത്തോളം ഇരുമ്പുപെട്ടികൾ ഇതിനായി ഉപയോഗിച്ചു. പഞ്ചാബിൽ നിന്നുള്ള ഒരു പ്രിസൈഡിംഗ് ഓഫീസർ അദ്ദേഹം എങ്ങനെയാണ് ബാലറ്റ് പെട്ടികൾ തയാറാക്കിയതെന്ന് വിശദീകരിക്കുന്നു-"ഓരോ പെട്ടിയുടെ പുറത്തും അകത്തും, പുറത്ത് ഇരുവശങ്ങളിലും അതാത് സ്ഥാനാർത്ഥിയുടെ ചിഹ്നം ഉണ്ടായിരിക്കണം, സ്ഥാനാർത്ഥിയുടെ പേര് ഉർദു, ഹിന്ദി, പഞ്ചാബി ഭാഷയിൽ പോളിംഗ്സ്റ്റേഷന്റെയും ബൂത്തിന്റെയും നിയോജകമണ്ഡലത്തിന്റെയും നമ്പരും കൂടി എഴുതേണ്ടതായിട്ടുണ്ട്. സ്ഥാനാർത്ഥിയുടെ നമ്പർ വിവരണത്തോടുകൂടിയ പേപ്പർ സീൽ പ്രിസൈഡിംഗ് ഓഫീസർ ഒപ്പിട്ട് ചട്ടക്കൂടിനുള്ളിലോട്ടു കടത്തി അതിന്റെ ജാലകം അടയ്ക്കുകയും ഈ ജാലകത്തിന്റെ വാതിൽ ഒരു ചരട് ഉപയോഗിച്ച് മറുവശവുമായി ബന്ധിപ്പിക്കുകയും ചെയ്യണമായിരുന്നു. തെരഞ്ഞെടുപ്പിന് നിശ്ചയിച്ചിരിക്കുന്ന ഒരു ദിവസത്തിനുള്ളിൽ ഇക്കാര്യങ്ങളെല്ലാം ചെയ്തു തീർക്കണമായിരുന്നു. ചിഹ്നങ്ങളും ലേബലും പതിപ്പിക്കുന്നതിന് പെട്ടിയുടെ പുറം സാന്റ് പേപ്പർ അല്ലെങ്കിൽ ചുടുകട്ട ഉപയോഗിച്ച് ഉരയ്ക്കേണ്ടതുണ്ടായിരുന്നു. എന്റെ രണ്ടു പെൺകുട്ടികൾ ഉൾപ്പെടെ ആറു പേർ അഞ്ച് മണിക്കൂർ ജോലി ചെയ്താണ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയത്. ഇതെല്ലാം എന്റെ വീട്ടിൽ വച്ചാണ് ചെയ്തത്.



ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം

ആദ്യ രണ്ടു തെരഞ്ഞെടുപ്പുകൾക്കുശേഷം ഈ സമ്പ്രദായം മാറ്റി. ഇതിനുശേഷം എല്ലാ സ്ഥാനാർത്ഥികളുടെയും പേരും ചിഹ്നവുമടങ്ങുന്ന ബാലറ്റ്പേപ്പറിൽ വോട്ടു രേഖപ്പെടുത്താനാഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു മുമ്പിൽ സമ്മതിദായകൻ സീൽ പതിപ്പിക്കണം. ഈ സമ്പ്രദായം ഏകദേശം 40 വർഷത്തോളം തുടർന്നു. 1990-കളുടെ അവസാനത്തോടെ തെരഞ്ഞെടുപ്പു കമ്മീഷൻ തെരഞ്ഞെടുപ്പു യന്ത്രങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. 2004-ഓടുകൂടി രാജ്യം മുഴുവൻ വോട്ടിംഗ് യന്ത്രത്തിലേക്ക് മാറി.

**നമുക്ക് പുനരന്വേഷിക്കാം**

നിങ്ങളുടെ കുടുംബത്തിലെയും അയൽപക്കത്തുമുള്ള മുതിർന്നവരോട് അവരുടെ തെരഞ്ഞെടുപ്പു പങ്കാളിത്തത്തിന്റെ അനുഭവം ചോദിക്കുക.

- ആരെങ്കിലും ആദ്യത്തെയോ രണ്ടാമത്തെയോ തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തിട്ടുണ്ടോ? ആർക്കാണ് അവർ വോട്ടു ചെയ്തത്? എന്തുകൊണ്ട്?
- തെരഞ്ഞെടുപ്പിന്റെ മൂന്നു രീതികൾ ഉപയോഗിച്ചവർ ആരെങ്കിലുമുണ്ടോ? ഇതിൽ ഏതാണ് അവർ കൂടുതൽ ഇഷ്ടപ്പെട്ടത്?
- ഇന്നത്തെ തെരഞ്ഞെടുപ്പുകളിൽ നിന്ന് അന്നത്തെ തെരഞ്ഞെടുപ്പുകൾക്ക് ഏതെല്ലാം രീതിയിലുള്ള വ്യത്യാസങ്ങളാണ് അവർ കാണുന്നത്?



**മൗലാന അബ്ദുൾകലാം ആസാദ് (1888–1958)**


അബുൾകലാം മെഹിയുദ്ദീൻ അഹമ്മദ് എന്നാണ് യഥാർത്ഥ പേര്; ഇസ്ലാംമത പണ്ഡിതൻ, സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ് നേതാവും; ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ വക്താവ്; വിഭജനത്തിന് എതിരായിരുന്നു; ഭരണഘടനാ നിർമാണസമിതി അംഗം; സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രി.

കാശം നൽകിയിരുന്നില്ല. ഈ പശ്ചാത്തലത്തിൽ ഇന്ത്യയുടെ സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്ന പരീക്ഷണം വളരെ ധീരവും സാഹസികവുമായിരുന്നു. "ചരിത്രത്തിലെ ഏറ്റവും വലിയ ചൂതാട്ടമായിട്ട്" ഒരു ഇന്ത്യൻ പത്രാധിപർ ഇതിനെ വിശേഷിപ്പിച്ചു. "ഇന്ത്യയിലെ സാർവത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ പരാജയം ഏറ്റുപറയുന്നതിനായി ജവഹർലാൽ നെഹ്റു ജീവിച്ചിരിക്കും" എന്ന് ഓർഗനൈസർ മാസിക എഴുതി. ബ്രിട്ടീഷുകാരനായ ഒരു ഇന്ത്യൻ സിവിൽ സർവീസ് അംഗം അവകാശപ്പെട്ടത് "ലക്ഷക്കണക്കിന് നിരക്ഷരരായ ജനങ്ങൾ വോട്ട് രേഖപ്പെടുത്തിയ യുക്തിരാഹിത്യത്തെ ഭാവിയിലെ പ്രബുദ്ധ ജനത അത്ഭുതത്തോടെ നോക്കി കാണും" എന്നാണ്.

തെരഞ്ഞെടുപ്പ് രണ്ടുപ്രാവശ്യം നീട്ടി വയ്ക്കേണ്ടി വരുകയും അവസാനം 1951 ഒക്ടോബർ മുതൽ 1952 ഫെബ്രുവരി വരെ നടത്തുകയും ചെയ്തു. ഇന്ത്യയിലെ കൂടുതൽ സ്ഥലങ്ങളിലും 1952 ജനുവരിയിൽ തെരഞ്ഞെടുപ്പു നടന്നതിനാൽ ഈ തെരഞ്ഞെടുപ്പിനെ 1952-ലെ തെരഞ്ഞെടുപ്പ് എന്നാണ് അറിയപ്പെടുന്നത്. തെരഞ്ഞെടുപ്പു പ്രചാരണവും വോട്ടെടുപ്പും വോട്ടെണ്ണലും പൂർത്തിയാക്കുവാൻ 6 മാസം വേണ്ടി വന്നു. മത്സരാധിഷ്ഠിത രീതിയിൽ നടന്ന ഈ തെരഞ്ഞെടുപ്പിൽ ഒരു സീറ്റിലേക്ക് ശരാശരി 4 പേർ വീതം മൽസരിക്കാനുണ്ടായിരുന്നു. തെരഞ്ഞെടുപ്പിലെ പങ്കാളിത്തം വളരെ പ്രോത്സാഹജനകമായിരുന്നു-ഏകദേശം പകുതിയിലധികം വോട്ടർമാർ വോട്ടു ചെയ്തു. തെരഞ്ഞെടുപ്പിന്റെ നിഷ്പക്ഷതയെ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടവർപോലും ഫലം വന്നപ്പോൾ അംഗീകരിച്ചു. വിമർശകരുടെ അഭിപ്രായങ്ങൾ തെറ്റാണെന്ന് ഇന്ത്യൻ പരീക്ഷണം തെളിയിച്ചു. "പ്രായപൂർത്തി വോട്ടവകാശം ഈ രാജ്യത്തെ വളരെ അപകടം പിടിച്ച പരീക്ഷണമാണെന്ന സംശയാലുക്കളുടെ അഭിപ്രായം അസ്ഥാനത്തായിരുന്നെന്ന്" ദി ടൈംസ് ഓഫ് ഇന്ത്യ ദിനപത്രം അഭിപ്രായപ്പെട്ടു. ലോകചരിത്രത്തിലെ ഏറ്റവും വലിയ ജനാധിപത്യ തെരഞ്ഞെടുപ്പ് പരീക്ഷണം ഇന്ത്യൻ ജനത അങ്ങേയറ്റം പ്രശംസനീയമായി നിർവഹിച്ചെന്ന് സാർവത്രികമായി അംഗീകരിക്കപ്പെട്ടു എന്ന് ദി ഹിന്ദുസ്ഥാൻ ടൈംസ് അഭിപ്രായപ്പെട്ടു. ഇന്ത്യയ്ക്ക് പുറത്തുള്ള നിരീക്ഷകരിലും മതിപ്പുളവാക്കി. ലോക ജനാധിപത്യചരിത്രത്തിലെ ഒരു നാഴികക്കല്ലായി 1952-ലെ ഇന്ത്യൻ പൊതുതെരഞ്ഞെടുപ്പു മാറി. ദാരിദ്ര്യത്തിന്റെയും നിരക്ഷരതരുടെയും സാഹചര്യത്തിൽ ജനാധിപത്യ തെരഞ്ഞെടുപ്പ് നടത്താൻ കഴിയില്ലെന്ന വാദഗതിക്ക് നിലനിൽപ്പില്ലാതായി. ജനാധിപത്യം ലോകത്ത് എവിടെയും പ്രാവർത്തികമാക്കാമെന്ന് ഇത് തെളിയിച്ചു.


## ആദ്യ മൂന്നു തെരഞ്ഞെടുപ്പുകളിലെ കോൺഗ്രസ് മേധാവിത്വം
## (Congress dominance in the first three general elections)

ആദ്യ പൊതുതെരഞ്ഞെടുപ്പിന്റെ വിജയം ആരെയും അതിശയിപ്പിച്ചില്ല. ഈ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് വിജയിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ദേശീയപ്രസ്ഥാനത്തിന്റെ പൈതൃകം പിന്തുടരുന്ന പാർട്ടിയായിരുന്നു കോൺഗ്രസ്. രാജ്യത്താകമാനം സംഘടനാശൃംഖലയുള്ള ഒരു പാർട്ടി അക്കാലത്ത് കോൺഗ്രസ് മാത്രമായിരുന്നു. കൂടാതെ ഇന്ത്യൻ രാഷ്ട്രീയത്തിലെ ഏറ്റവും ജനകീയനും വ്യക്തിപ്രഭാവവുമുള്ള നേതാവായ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വം കോൺഗ്രസിനുണ്ടായിരുന്നു. അദ്ദേഹം കോൺഗ്രസ് പ്രചാരണങ്ങൾക്ക് നേതൃത്വം നൽകുകയും രാജ്യത്തുടനീളം പര്യടനം നടത്തുകയും ചെയ്തു. തെരഞ്ഞെടുപ്പിന്റെ അന്തിമ ഫലം പ്രഖ്യാപിച്ചപ്പോൾ കോൺഗ്രസ് പാർട്ടിയുടെ വിജയത്തിന്റെ വ്യാപ്തി പലരെയും അത്ഭുതപ്പെടുത്തി. മറ്റ് രാഷ്ട്രീയകക്ഷികളെയെല്ലാം ബഹുദൂരം പിന്നിലാക്കി ഒന്നാം ലോക്സഭയിലേക്കുള്ള 489 സീറ്റുകളിൽ 364 സീറ്റുകളും നേടി




കുറിപ്പ്: ഇത് ശരിയായ തോതിൽ വരച്ച ഒരു ഭൂപടമല്ല. ഇന്ത്യയുടെ വിദേശ അതിർത്തികളെ ആധികാരികമായി ചിത്രീകരിക്കുന്ന ഒന്നായി ഇതിനെ കരുതരുത്.

കോൺഗ്രസിന് ശക്തമായ സ്വാധീനമുണ്ടായിരുന്ന പ്രദേശങ്ങൾ നിങ്ങൾക്ക് കണ്ടെത്താൻ കഴിയുമോ? ഏതെല്ലാം സംസ്ഥാനങ്ങളിലാണ് മറ്റു പാർട്ടികൾ താരതമ്യേന നല്ല പ്രകടനം കാഴ്ച വച്ചത്?



Congress Voted Back
To Power At Centre

266 SEATS ANNEXED SO
FAR OUT OF 500

THE Congress Party has been voted back to power at the Centre. By Wednesday night, it had secured 265 seats—15 more than needed for an absolute majority in the 500-member Lok Sabha. The combined Opposition strength at that stage was 83.

This verdict in favour of a Congress Government at the Centre for the next five years came on the same day as the communists made virtually sure of forming a Government in Kerala.

The break up of non-Congress parties is: P S P 12, C P I and allies 21, Jan Sangh 1, Socialists 3, Jharkhand 8, Peasants and Workers Party 4, Scheduled Castes Federation 5, Hindu Mahasabha 1, Forward Bloc 1, Janata Party (Bihar) 2, Congress Reforms Committee (Madras) 1, Dravida Munnetra Kazhagam 2, Ganatantra Parishad

Reds' Success
In Kerala

Working Majority
Achieved

യെടുത്ത് മറ്റേതൊരു കക്ഷിയെക്കാളും വളരെ മുന്നിലെത്തി. സീറ്റുകളുടെ അടിസ്ഥാനത്തിൽ രണ്ടാമതെത്തിയെ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ 16 സീറ്റുകൾ മാത്രമാണ് നേടിയത്. ലോക്സഭാ തെരഞ്ഞെടുപ്പിനോടൊപ്പം സംസ്ഥാന നിയമസഭകളിലേക്കും തെരഞ്ഞെടുപ്പ് നടത്തി. ആ തെരഞ്ഞെടുപ്പിലും കോൺഗ്രസിന് വലിയ വിജയം ലഭിച്ചു. തിരുവിതാംകൂർ-കൊച്ചി (ഇപ്പോൾ കേരളത്തിന്റെ ഭാഗം) മദ്രാസ്, ഒറീസ എന്നിവിടങ്ങളിൽ ഒഴികെ മറ്റ് എല്ലാ സംസ്ഥാനങ്ങളിലും ഭൂരിപക്ഷം നേടി. അവസാനം ഈ സംസ്ഥാനങ്ങളിൽ പോലും കോൺഗ്രസ് ഗവൺമെന്റുകൾ രൂപീകരിച്ചു. അങ്ങനെ ദേശീയതലത്തിലും സംസ്ഥാനതലത്തിലും രാജ്യത്തുടനീളം പാർട്ടി ഭരിച്ചു. പ്രതീക്ഷിച്ചതുപോലെ ആദ്യ പൊതു തെരഞ്ഞെടുപ്പിനുശേഷം ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രധാനമന്ത്രിയായി.

കഴിഞ്ഞ പേജിലെ തെരഞ്ഞെടുപ്പ് മാപ്പിൽ നിന്നും 1952–1962 കാലഘട്ടത്തിലെ കോൺഗ്രസ് ആധിപത്യത്തിന്റെ സ്വഭാവം മനസ്സിലാക്കുവാൻ കഴിയും. യഥാക്രമം 1957 ലും 1962 ലും നടന്ന രണ്ടാമത്തെയും മൂന്നാമത്തെയും പൊതുതെരഞ്ഞെടുപ്പുകളിൽ 3/4 സീറ്റുകൾ നേടി ലോക്സഭയിൽ കോൺഗ്രസ് പാർട്ടി അതേ സ്ഥാനം നിലനിർത്തി. കോൺഗ്രസ് പാർട്ടിക്ക് ലഭിച്ചതിന്റെ 1/10 സീറ്റുകൾപോലും നേടുന്നതിന് ഒരു പ്രതിപക്ഷ പാർട്ടിക്കും കഴിഞ്ഞില്ല. സംസ്ഥാന നിയമസഭകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ചിലയിടങ്ങളിൽ കോൺഗ്രസ് പാർട്ടിക്ക് ഭൂരിപക്ഷം ലഭിച്ചില്ല. 1957–ൽ സി.പി.ഐയുടെ നേതൃത്വത്തിൽ കേരളത്തിൽ രൂപീകരിച്ച മുന്നണി ഗവൺമെന്റാണ് ഇതിൽ ഏറ്റവും സുപ്രധാനമായത്. ഇത്തരത്തിലുള്ള ചിലത് ഒഴിച്ചു നിർത്തിയാൽ ദേശീയതലത്തിലും സംസ്ഥാനങ്ങളിലും കോൺഗ്രസിന് ഗവൺമെന്റുകൾ രൂപീകരിക്കാനായി.




**രാജ്കുമാരി അമൃത്കൗർ**
**(1889–1964)**

ഗാന്ധിയനും സ്വാതന്ത്ര്യസമരസേനാനിയും; കപൂർത്തല രാജകുടുംബാംഗം, അമ്മയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചു; ഭരണഘടനാ നിർമാണ സമിതി അംഗം; സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ആരോഗ്യമന്ത്രി; 1957 വരെ ആരോഗ്യ മന്ത്രിയായി തുടർന്നു.

കോൺഗ്രസ് വിജയത്തിന്റെ വ്യാപ്തി കൃത്രിമമായി നമ്മുടെ തെരഞ്ഞെടുപ്പു സമ്പ്രദായം പെരുപ്പിച്ചുകാട്ടിയതായിരുന്നു. കോൺഗ്രസിന് 3/4 സീറ്റും നേടാനായെങ്കിലും മൊത്തം വോട്ടിന്റെ പകുതിപോലും നേടാനായില്ല. ഉദാ: 1952 ൽ കോൺഗ്രസിന് മൊത്തം വോട്ടിന്റെ 45 ശതമാനം മാത്രമേ നേടാൻ കഴിഞ്ഞുള്ളൂ. എന്നാൽ 74 ശതമാനം സീറ്റുകൾ പാർട്ടി നേടിയെടുത്തു. നേടിയ വോട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടാമതെത്തിയ വലിയ സോഷ്യലിസ്റ്റ് പാർട്ടിക്ക് ദേശീയതലത്തിൽ 10 ശതമാനം വോട്ടുകൾ മാത്രമേ ലഭിച്ചുള്ളൂ. എന്നാൽ മൊത്തം സീറ്റിന്റെ 3 ശതമാനംപോലും നേടിയെടുക്കാൻ ഇതിന് കഴിഞ്ഞില്ല. എങ്ങനെ ഇതു സംഭവിച്ചു? ഇതിനായി കഴിഞ്ഞവർഷം പഠിച്ച "ഇന്ത്യൻ ഭരണഘടന: പ്രയോഗത്തിൽ" (Indian Constitution at Work) എന്ന പുസ്തകത്തിലെ കേവലഭൂരിപക്ഷ സമ്പ്രദായ (First Past the Post System) ത്തെക്കുറിച്ചുള്ള ചർച്ച നാം ഓർക്കേണ്ടതുണ്ട്.

നമ്മുടെ രാജ്യം സ്വീകരിച്ചിരിക്കുന്ന ഈ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ മറ്റുള്ള കക്ഷികളേക്കാൾ കൂടുതൽ വോട്ടു ലഭിച്ച കക്ഷിക്ക് ആനുപാതിക പങ്കിനേക്കാൾ കൂടുതൽ സീറ്റുകൾ ലഭിക്കുന്നതായി കാണാം. ഈ സമ്പ്രദായമാണ് കോൺഗ്രസിന് അനുകൂലമായത്. കോൺഗ്രസ് ഇതര സ്ഥാനാർത്ഥികൾക്ക് ലഭിച്ച മൊത്തം വോട്ടുകൾ കൂട്ടി നോക്കിയാൽ കോൺഗ്രസിനു ലഭിച്ചതിനേക്കാൾ കൂടുതൽ ഉണ്ടാകും. പരസ്പരം ശത്രുത പുലർത്തുന്ന പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കുമായി കോൺഗ്രസ് ഇതര വോട്ടുകൾ വിഭജിക്കപ്പെട്ടു. ഇതുകൊണ്ടാണ് കോൺഗ്രസ് പ്രതിപക്ഷത്തേക്കാൾ മുന്നിൽ നിൽക്കുന്നതും വിജയിക്കുന്നതും.



THE HINDU

INDIA'S NATIONAL NEWSPAPER

MADRAS, FRIDAY, JULY 31, 1959.

PRESIDENT'S RULE IN KERALA

CABINET ADVISES ACTION UNDER ARTICLE 356

PROCLAMATION MAY BE ISSUED TO-DAY

INTERVENTION BY CENTRE

KERALA MINISTER'S REACTION

"TRAGIC DRAMA" NEARING END

ANOTHER MAJOR WA[R] UNLIKELY

दैनिक

पूर्वी पाकिस्तान के स्वशासन की मांग सिर्फ 'स्टण्ट'

केरल शासन द्वारा शीघ्र भूमि सुधार का वचन

नम्बूद्रीपाद मंत्रि-मण्डल ने शपथ ग्रहण की

# കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം

1957-ന്റെ തുടക്കത്തിൽ കോൺഗ്രസ് പാർട്ടിക്ക് കേരളത്തിൽ പരാജയത്തിന്റെ കയ്പ് അനുഭവിക്കേണ്ടി വന്നു. 1957 മാർച്ചിൽ നടന്ന സംസ്ഥാന നിയമസഭാതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഏറ്റവും കൂടുതൽ സീറ്റുകളിൽ വിജയിച്ചു. 126 ൽ 60 സീറ്റുകളിൽ വിജയിക്കുകയും 5 സ്വതന്ത്രരുടെ പിന്തുണ പാർട്ടി നേടുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് നിയമസഭാകക്ഷി നേതാവായ ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാടിനെ മന്ത്രിസഭ രൂപീകരിക്കുന്നതിനായി ഗവർണർ ക്ഷണിച്ചു. ലോകത്ത് ആദ്യമായിട്ടാണ് ജനാധിപത്യ തെരഞ്ഞെടുപ്പിൽ കൂടി ഒരു കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരുന്നത്.


സംസ്ഥാനത്ത് അധികാരം നഷ്ടപ്പെട്ടതോടെ, കോൺഗ്രസ് പാർട്ടി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെതിരായി "വിമോചന സമരം" ആരംഭിച്ചു. സമൂലമായ പുരോഗമന നയപരിപാടികൾ നടത്തുമെന്ന വാഗ്ദാനത്തിന്മേലാണ് സി.പി.ഐ അധികാരത്തിൽ എത്തിയത്. സ്ഥാപിതതാൽപര്യക്കാരും മതസംഘടനകളുമാണ് പ്രക്ഷോഭത്തിനു പിന്നിലെന്ന് കമ്മ്യൂണിസ്റ്റുകൾ അവകാശപ്പെട്ടു. ഭരണഘടനയിലെ 356-ാം വകുപ്പു പ്രകാരം 1959 ൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസ് ഗവൺമെന്റ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടു. ഈ തീരുമാനം വളരെ വിവാദമാവുകയും ഭരണഘടനപരമായ അധികാരത്തിന്റെ ദുരുപയോഗത്തിന്റെ ആദ്യസംഭവമായി പരക്കെ അറിയപ്പെടുകയും ചെയ്യുന്നു.



Credit: Hindu

1959 ആഗസ്റ്റിൽ മന്ത്രിസഭ പിരിച്ചുവിടപ്പെട്ടശേഷം കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരുടെ ഒരു പ്രകടനം തിരുവനന്തപുരത്ത് ഇ.എം.എസ്. നമ്പൂതിരിപ്പാട് നയിക്കുന്നു.

# സോഷ്യലിസ്റ്റ് പാർട്ടി (Socialist Party)




സ്വാതന്ത്ര്യ പൂർവകാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ജനകീയ മുന്നേറ്റ ഘട്ടത്തിലാണ് സോഷ്യലിസ്റ്റ് പാർട്ടി ഉദയം ചെയ്തത്. പുരോഗമനപരവും സമത്വചിന്തയുമുള്ള ഒരു കോൺഗ്രസ് വേണമെന്നാഗ്രഹിച്ച പാർട്ടിയിലെ ഒരു കൂട്ടം യുവനേതാക്കൾ 1934-ൽ കോൺഗ്രസിനുള്ളിൽതന്നെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി (CSP) രൂപീകരിച്ചു. കോൺഗ്രസ് പാർട്ടിക്കുള്ളിലെ ഇരട്ട അംഗത്വം തടയുന്നതിനായി 1948-ൽ കോൺഗ്രസ് അതിന്റെ ഭരണഘടന ഭേദഗതി ചെയ്തു. 1948-ൽ പ്രത്യേക പാർട്ടി ഉണ്ടാക്കുന്നതിന് ഇത് സോഷ്യലിസ്റ്റുകളെ നിർബന്ധിതരാക്കി. പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രകടനം അണികൾക്കിടയിൽ വലിയ അസന്തുഷ്ടി ഉളവാക്കി. ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും പാർട്ടിക്ക് സ്വാധീനമുണ്ടായിരുന്നിട്ടും ചില കേന്ദ്രങ്ങളിൽ മാത്രമാണ് പാർട്ടിക്ക് വിജയിക്കാനായത്.

ജനാധിപത്യ സോഷ്യലിസമെന്ന പ്രത്യയശാസ്ത്രത്തിൽ സോഷ്യലിസ്റ്റുകൾ വിശ്വസിക്കുകയും അത് ഈ പാർട്ടിയെ കോൺഗ്രസിൽ നിന്നും കമ്മ്യൂണിസ്റ്റുകാരിൽനിന്നും വ്യത്യസ്തരാക്കുകയും ചെയ്തു. കോൺഗ്രസിന്റെ ജന്മി-മുതലാളിത്ത പ്രീണനനയങ്ങളെയും തൊഴിലാളികളോടും കർഷകരോടുമുള്ള അവഗണനയെയും സോഷ്യലിസ്റ്റ് പാർട്ടി വിമർശിക്കുന്നു. കോൺഗ്രസ് പാർട്ടിയുടെ പ്രഖ്യാപിതലക്ഷ്യം ഒരു സോഷ്യലിസ്റ്റ് സാമൂഹികക്രമമാണെന്ന പ്രഖ്യാപനം 1955-ൽ വന്നതോടെ സോഷ്യലിസ്റ്റുകൾ ഒരു പ്രതിസന്ധിയെ അഭിമുഖീകരിച്ചു. അങ്ങനെ കോൺഗ്രസ് പാർട്ടിക്ക് ഒരു സജീവ ബദലായി സ്വയം അവതരിപ്പിക്കുവാൻ സോഷ്യലിസ്റ്റുകൾക്ക് കഴിയാതെ വന്നു. റാം മനോഹർലോഹ്യയുടെ നേതൃത്വത്തിലുള്ള കുറെ ആളുകൾ പാർട്ടിയിൽ നിന്ന് അകലംപാലിക്കുകയും കോൺഗ്രസ് പാർട്ടിയെ വിമർശിക്കുന്നതിൽ നിന്ന് പിന്മാറുകയും ചെയ്തു. അശോക് മേത്തയെ പോലുള്ള കുറെ ആളുകൾ കോൺഗ്രസുമായി പരിമിത ബന്ധമാകാമെന്ന് വാദിച്ചു.




**ആചാര്യനരേന്ദ്രദേവ് - 1889-1956**

സ്വാതന്ത്ര്യ സമരസേനാനി; കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപക പ്രസിഡന്റ്; സ്വാതന്ത്ര്യസമര കാലത്ത് നിരവധി തവണ ജയിൽവാസമനുഷ്ഠിച്ചു; കർഷക പ്രസ്ഥാനങ്ങളിലെ സജീവ പങ്കാളി; ബുദ്ധമത പണ്ഡിതൻ; സ്വാതന്ത്ര്യത്തിനുശേഷം സോഷ്യലിസ്റ്റു പാർട്ടിയേയും പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയേയും നയിച്ചു.

സോഷ്യലിസ്റ്റ് പാർട്ടി നിരവധി പിളർപ്പുകൾക്കും വീണ്ടും ഒരുമിച്ചുചേരലിനും വിധേയമാവുകയും അതുവഴി നിരവധി സോഷ്യലിസ്റ്റ് പാർട്ടികളുടെ രൂപീകരണത്തിലേക്ക് നയിക്കുകയും ചെയ്തു. കിസാൻ മസ്ദൂർ പ്രജാപാർട്ടി, പ്രജാസോഷ്യലിസ്റ്റ് പാർട്ടി, സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി എന്നിവ ഇതിലുൾപ്പെടുന്നു. ജയപ്രകാശ് നാരായൺ, അച്യുത് പട്വർധൻ, അശോക്മേത്ത, ആചാര്യനരേന്ദ്രദേവ്, റാംമനോഹർ ലോഹ്യ, എസ്.എം ജോഷി തുടങ്ങിയവർ സോഷ്യലിസ്റ്റ് പാർട്ടികളുടെ പ്രമുഖ നേതാക്കന്മാരായിരുന്നു. സമകാലിക ഇന്ത്യയിലെ വിവിധ രാഷ്ട്രീയ പാർട്ടികളായ സമജ്വാദി പാർട്ടി, ജനതാദൾ, ജനതാദൾ (യുണൈറ്റഡ്), ജനതാദൾ (സെക്കുലർ) തുടങ്ങിയവയുടെ ഉത്ഭവം സോഷ്യലിസ്റ്റു പാർട്ടിയിൽ നിന്നുമാണ്.

## കോൺഗ്രസ് മേധാവിത്വത്തിന്റെ സ്വഭാവം
## (Nature of Congress Dominance)



ഏകകക്ഷി മേധാവിത്വം നിലനിന്നിരുന്നത് ഇന്ത്യയിൽ മാത്രമായുരിന്നില്ല. ലോകത്ത് എമ്പാടും നോക്കുകയാണെങ്കിൽ ഏകകക്ഷി മേധാവിത്വത്തിന്റെ നിരവധി ഉദാഹരണങ്ങൾ നമുക്ക് കാണാൻ കഴിയും. എന്നാൽ ഇന്ത്യൻ ജനാധിപത്യ പരീക്ഷണവും ഇവയും തമ്മിൽ ഒരു നിർണായക വ്യത്യാസമുണ്ട്. മറ്റു രാജ്യങ്ങളിൽ ജനാധിപത്യവുമായി സന്ധി ചെയ്താണ് ഏകകക്ഷി മേധാവിത്വം സ്ഥാപിക്കപ്പെട്ടത്. ചൈന, ക്യൂബ, സിറിയ എന്നീ രാജ്യങ്ങളുടെ ഭരണഘടന ഏകകക്ഷി ഭരണമേ അനുവദിക്കുന്നുള്ളൂ. മ്യാൻമാർ, ബെലാറസ്, ഈജിപ്ത്, എറിത്രിയ പോലുള്ള രാജ്യങ്ങളിൽ ഏകകക്ഷി ഭരണം നിലനിൽക്കുന്നത് നിയമ, സൈനിക മാർഗങ്ങളിലൂടെയാണ്. മെക്സിക്കോ, ദക്ഷിണ കൊറിയ, തായ്‌വാൻ എന്നീ രാജ്യങ്ങളിൽ സമീപകാലം വരെ ഏകകക്ഷിമേധാവിത്വഭരണമായിരുന്നു. ഇന്ത്യയിലെ കോൺഗ്രസ് ആധിപത്യത്തെ ഈ രാജ്യങ്ങളിൽ നിന്നെല്ലാം വിഭിന്നമാക്കുന്നത് ഇത് ജനാധിപത്യ സാഹചര്യത്തിൽ സംഭവിച്ചു എന്നതാണ്. സ്വതന്ത്രവും നിഷ്പക്ഷവുമായ സാഹചര്യത്തിൽ നിരവധി പാർട്ടികൾ മത്സരിച്ചുവെങ്കിലും ഓരോ തെരഞ്ഞെടുപ്പു കഴിയുന്തോറും കോൺഗ്രസിനുമാത്രമേ വിജയിക്കുവാൻ സാധിച്ചുള്ളൂ. അപാർതീഡ് എന്ന വംശീയവിവേചന നയം അവസാനിപ്പിച്ചതിനുശേഷം ദക്ഷിണാഫ്രിക്കയിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ് നേടിയ മേധാവിത്വത്തിനു സമാനമാണിത്.

1929-ൽ സ്ഥാപിതമായ, നാഷണൽ റെവല്യൂഷനറി പാർട്ടി, പിന്നീട് പുനർനാമകരണം ചെയ്ത് ഇൻസ്റ്റിറ്റ്യൂഷണൽ റെവല്യൂഷനറി പാർട്ടി - പി.ആർ.ഐ (സ്പാനിഷ് ഭാഷയിൽ) ആറുദശാബ്ദക്കാലം മെക്സിക്കോയിൽ അധികാരത്തിൽ തുടർന്നു. മെക്സിക്കൻ വിപ്ലവത്തിന്റെ പൈതൃകം ഇവർ പ്രതിനിധീകരിച്ചിരുന്നു. യഥാർത്ഥത്തിൽ രാഷ്ട്രീയ സൈനിക നേതാക്കൾ, തൊഴിലാളി-കർഷക സംഘടനകൾ, ധാരാളം രാഷ്ട്രീയ പാർട്ടികൾ എന്നിവയുടെയെല്ലാം വ്യത്യസ്ത താൽപര്യങ്ങളുടെ കൂടിച്ചേരലായിരുന്നു പി.ആർ.ഐ. കുറച്ച് കാലത്തേക്ക് പി.ആർ.ഐയുടെ സ്ഥാപകനായ പ്ലൂട്ടാർകോ ഏലിയാസ് കാളസ് (Plutarco Elias Calles) സംഘടനയുടേയും ഗവൺമെന്റിന്റെയും നിയന്ത്രണം പിടിച്ചെടുത്തു. കൃത്യമായ ഇടവേളകളിൽ തെരഞ്ഞെടുപ്പ് നടത്തുകയും എല്ലാ തവണയും പി.ആർ.ഐ. വിജയിക്കുകയും ചെയ്തു. ഭരണകക്ഷിക്ക് കൂടുതൽ സാധുത നൽകുന്നതിന് മാത്രമാണ് പേരിലെങ്കിലും മറ്റു പാർട്ടികൾ നിലനിന്നത്. പി.ആർ.ഐയ്ക്ക് എല്ലാകാലത്തും വിജയിക്കുന്ന തരത്തിൽ തെരഞ്ഞെടുപ്പു നിയമങ്ങൾ പ്രവർത്തിച്ചു. മിക്കപ്പോഴും ഭരണകക്ഷി തെരഞ്ഞെടുപ്പ് അട്ടിമറിക്കുകയും കൃത്രിമം കാണിക്കുകയും ചെയ്തു. ഇവരുടെ ഭരണത്തിനെ "തികഞ്ഞ ഏകാധിപത്യ" മെന്നു വിളിക്കുന്നു. അവസാനം 2000-ൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പാർട്ടി പരാജയപ്പെട്ടു. മെക്സിക്കോ ഇനി ഒരിക്കലും ഒരു ഏകകക്ഷി മേധാവിത്വമുള്ള രാജ്യമായിരിക്കില്ല. ആരോഗ്യകരമായ ജനാധിപത്യത്തിൽ ദൂരവ്യാപക പരിണിതഫലങ്ങൾ സൃഷ്ടിക്കുവാൻ പി.ആർ.ഐയുടെ ആധിപത്യകാലത്തിലെ തന്ത്രങ്ങൾക്കു കഴിഞ്ഞു. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് സ്വഭാവത്തിലുള്ള പൂർണവിശ്വാസം പൗരന്മാർ ഇനിയും വളർത്തേണ്ടതുണ്ട്.



**ബാബാസാഹിബ് ഭീംറാവു റാംജി അംബേദ്കർ (1891–1956)**

ജാതിവിരുദ്ധ പ്രസ്ഥാനത്തിന്റെ നേതാവ്; ദളിത് നീതിക്കായുള്ള പോരാട്ടക്കാരൻ; പണ്ഡിതനും ബുദ്ധിജീവിയും; സ്വതന്ത്ര ലേബർ പാർട്ടിയുടെ സ്ഥാപകൻ; പട്ടികജാതി ഫെഡറേഷന്റെ സ്ഥാപിച്ചു; റിപ്പബ്ളിക്കൻ പാർട്ടിയുടെ ആസൂത്രകൻ; രണ്ടാം ലോകമഹായുദ്ധകാലത്ത് ബ്രിട്ടീഷ് വൈസ്രോയിയുടെ കൗൺസിലിലെ എക്സിക്യൂട്ടീവ് അംഗം; ഭരണഘടനാനിർമാണസമിതി ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ; സ്വതന്ത്ര ഇന്ത്യയുടെ ഒന്നാം നെഹ്റു മന്ത്രിസഭയിലെ ക്യാബിനറ്റ് മന്ത്രി; ഹിന്ദുകോഡ് ബില്ലിലെ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് 1951-ന് രാജി; ആയിരക്കണക്കിന് അനുയായികൾക്കൊപ്പം 1956-ൽ ബുദ്ധമതം സ്വീകരിച്ചു.



**റാഫി അഹമ്മദ് കിദ്വായി**
**(1894–1954)**

ഉത്തർപ്രദേശിൽ നിന്നുള്ള കോൺഗ്രസ് നേതാവ്, 1937 ലും 1946 ലും ഉത്തർപ്രദേശ് മന്ത്രി, സ്വതന്ത്ര ഇന്ത്യയിലെ ആദ്യ മന്ത്രി സഭയിൽ വാർത്താവിതരണ പ്രക്ഷേപണ മന്ത്രി; 1952–54 കാലഘട്ടത്തിലെ ഭക്ഷ്യ-കൃഷി മന്ത്രി.

കോൺഗ്രസ് പാർട്ടിയുടെ അസാധാരണ വിജയത്തിന്റെ അടിസ്ഥാനം സ്വാതന്ത്ര്യസമര പൈതൃകമാണ്. ദേശീയപ്രസ്ഥാനത്തിന്റെ പൈതൃക പാർട്ടിയായാണ് കോൺഗ്രസിനെ കരുതിയത്. സ്വാതന്ത്ര്യസമരത്തിന്റെ മുന്നണി പോരാളികളിൽ പലരും കോൺഗ്രസ് സ്ഥാനാർത്ഥികളായി തെരഞ്ഞെടുപ്പിൽ മത്സരരംഗത്തുണ്ടായിരുന്നു. കോൺഗ്രസ് ഒരു സുസംഘടിതമായ രാഷ്ട്രീയ പ്രസ്ഥാനമായതുകൊണ്ട് മറ്റു പാർട്ടികൾ തെരഞ്ഞെടുപ്പു തന്ത്രം ആവിഷ്ക്കരിക്കുന്നതിനുമുമ്പേ കോൺഗ്രസ് പ്രചാരണരംഗത്ത് ഇറങ്ങിക്കഴിഞ്ഞിരുന്നു. യഥാർത്ഥത്തിൽ മറ്റു പല പാർട്ടികളുടെയും രൂപീകരണം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനൊപ്പമോ അതിനുശേഷമോ ആയിരുന്നു. സ്വാതന്ത്ര്യ സമയത്ത് എല്ലാവരേക്കാളും മുന്തിയ പരിഗണന കോൺഗ്രസിനു ലഭിച്ചു. നാം മുമ്പ് കണ്ട ഭൂപടത്തിലെപോലെ കോൺഗ്രസ് രാജ്യം മുഴുവനും വ്യാപിച്ചു കിടക്കുന്ന ഒരു പ്രസ്ഥാനമായിരുന്നു എന്ന് മാത്രമല്ല മറിച്ച് സുസജ്ജമായ ഒരു സംഘടനാസംവിധാനം അതിന് താഴെത്തട്ടുവരെയുണ്ടായിരുന്നു. ഏറ്റവും പ്രധാനമായി, കോൺഗ്രസ് ഈ അടുത്ത കാലം വരെ ഒരു ദേശീയ പ്രസ്ഥാനമായതിനാൽ എല്ലാത്തിനെയും ഉൾക്കൊള്ളാൻ ഇതിനു കഴിഞ്ഞിരുന്നു. ഈ ഘടകങ്ങളെല്ലാം കോൺഗ്രസ് പാർട്ടിയുടെ ആധിപത്യത്തിനു സഹായിച്ചു.

### കോൺഗ്രസ് സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ മുന്നണി എന്ന നിലയിൽ (Congress as Social and Ideological Coalition)

പുതുതായി വിദ്യാഭ്യാസം നേടിയവരുടെയും പ്രൊഫഷണലുകളുടെയും വാണിജ്യവർഗത്തിന്റെയും സമ്മർദ ഗ്രൂപ്പായി 1885-ൽ രൂപീകൃതമായ കോൺഗ്രസ് 20-ാം നൂറ്റാണ്ടിൽ ജനകീയ പ്രസ്ഥാനമായി പരിവർത്തനം ചെയ്തതിന്റെ ചരിത്രം നിങ്ങൾ നേരത്തെ പഠിച്ചുവല്ലോ. കോൺഗ്രസിന് ഒരു ബഹുജന രാഷ്ട്രീയകക്ഷിയായി മാറാനും അതേ തുടർന്ന് രാഷ്ട്രീയ വ്യവസ്ഥിതിയിൽ മേധാവിത്വം സ്ഥാപിക്കാനും അടിസ്ഥാനമായത് ഇതാണ്. അങ്ങനെ ഇംഗ്ലീഷ് സംസാരിക്കുന്നവരുടെയും ഉയർന്ന ജാതിയിൽപ്പെട്ട ആളുകളുടെയും മധ്യവർഗത്തിലെ ഉപരിവർഗത്തിനും നഗരപ്രമാണിമാർക്കും ആധിപത്യമുള്ളതുമായ ഒരു പാർട്ടിയായാണ് കോൺഗ്രസ് ആരംഭിച്ചത്. എന്നാൽ കോൺഗ്രസ് നടത്തിയ സിവിൽ നിയമലംഘന പ്രസ്ഥാനത്തിലൂടെ പാർട്ടിയുടെ സാമൂഹ്യ അടിത്തറ വിസ്തൃതമായി. പരസ്പരവിരുദ്ധ താൽപര്യങ്ങളുള്ള വിവിധ വിഭാഗങ്ങളെ അത് ഒരുമിച്ചു നിർത്തി. കർഷകരും, വ്യവസായികളും, ഗ്രാമീണരും, നഗരവാസികളും, തൊഴിലാളികളും, ഉടമകളും, താഴ്ന്ന, ഉയർന്ന, മധ്യവർഗ ജനങ്ങളും കോൺഗ്രസ് പാർട്ടിയിൽ ഇടം കണ്ടെത്തി. കാലക്രമേണ ഇതിന്റെ നേതൃത്വം ഉന്നതജാതിക്കാർ, ഉപരിവർഗ പ്രൊഫഷണലുകൾ എന്നിവരിൽനിന്നും ഗ്രാമീണ ദിശാബോധമുള്ള കാർഷിക അടിത്തറയുള്ള നേതാക്കളിലേക്കും വ്യാപിച്ചു. സ്വാതന്ത്ര്യകാലമായപ്പോഴേക്കും ഇന്ത്യയിലെ ജാതി-വർഗം, മതം-ഭാഷ, മറ്റ് വ്യത്യസ്ത താൽപര്യങ്ങൾ തുടങ്ങിയ ഇന്ത്യയുടെ വൈവിധ്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു മഴവിൽ സമാന സാമൂഹ്യമുന്നണിയായി കോൺഗ്രസ് മാറിയിരുന്നു.




ഈ ഗ്രൂപ്പുകളിൽ പലതും തങ്ങളുടെ സ്വത്വത്തെ കോൺഗ്രസിനുള്ളിൽ ലയിപ്പിച്ചു. വ്യത്യസ്തമായ വിശ്വാസങ്ങളുള്ള വ്യക്തികളും സംഘങ്ങളുമായതുകൊണ്ട് ഇതിലെ ചുരുക്കം ചിലർ കോൺഗ്രസിനുള്ളിൽ നിന്നില്ല. പലപ്പോഴും അവർ അങ്ങനെയായില്ലെങ്കിൽ കൂടിയും വ്യത്യസ്ത വിശ്വാസങ്ങൾ വച്ചുപുലർത്തുന്ന സംഘങ്ങളും വ്യക്തികളുമായി അവർ കോൺഗ്രസിനുള്ളിൽതന്നെ തുടർന്നും നിലനിന്നു. ഈ അർത്ഥത്തിൽ കോൺഗ്രസ് ഒരു പ്രത്യയശാസ്ത്ര മുന്നണികൂടിയാണ്. ഇത് വിപ്ലവകാരിയെയും സമാധാനവാദിയെയും, യാഥാസ്ഥിതികനെയും സമൂല പരിവർത്തകനെയും, മിതവാദിയെയും തീവ്രവാദിയെയും, ഇടതുപക്ഷത്തെയും വലതുപക്ഷത്തെയും, മറ്റുള്ളവരെയും ഉൾക്കൊണ്ടിരുന്നു. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായ നിരവധി രാഷ്ട്രീയ പാർട്ടികൾ, താൽപര്യങ്ങൾ, ഗ്രൂപ്പുകൾ തുടങ്ങിയവർക്കെല്ലാമുള്ള ഒരു വേദിയായിരുന്നു കോൺഗ്രസ് പാർട്ടി. സ്വാതന്ത്ര്യത്തിനു മുമ്പുള്ള




# കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ




റഷ്യയിലെ ബോൾഷവിക് വിപ്ലവത്തിന്റെ പ്രചോദനം ഉൾക്കൊണ്ട് 1920-കളുടെ തുടക്കത്തിൽ ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ കമ്യൂണിസ്റ്റ് ഗ്രൂപ്പുകൾ ഉയർന്നു വരുകയും രാജ്യം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാമുള്ള പരിഹാരം സോഷ്യലിസമാണെന്ന് വാദിക്കുകയും ചെയ്തു. 1935 മുതൽ കമ്യൂണിസ്റ്റുകൾ പ്രധാനമായും ഇന്ത്യൻ നാഷണൽ കോൺഗ്രസിനുള്ളിൽ നിന്നു പ്രവർത്തിച്ചു. നാസി ജർമനിക്ക് എതിരെയുള്ള യുദ്ധത്തിൽ ബ്രിട്ടീഷുകാരെ പിന്തുണക്കാൻ കമ്യൂണിസ്റ്റുകൾ തീരുമാനിച്ചതോടെ 1941 ഡിസംബറിൽ അവർ കോൺഗ്രസിൽ നിന്നും വഴി പിരിഞ്ഞു. മറ്റ് കോൺഗ്രസ് ഇതര പാർട്ടികളിൽ നിന്നും വ്യത്യസ്തമായി സി.പി.ഐയ്ക്ക് എണ്ണയിട്ടയന്ത്രം പോലുള്ള പാർട്ടി സംവിധാനവും ആത്മാർത്ഥതയുള്ള കേഡർമാരും സ്വാതന്ത്ര്യകാല ഘട്ടത്തിൽ ഉണ്ടായിരുന്നു. എന്നാൽ സ്വാതന്ത്ര്യം പാർട്ടിയിൽ വ്യത്യസ്ത അഭിപ്രായധാരകളുയർത്തി. പാർട്ടിയെ അടിസ്ഥാനപരമായി കുഴപ്പിച്ച ചോദ്യം ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ സ്വഭാവം സംബന്ധിച്ചായിരുന്നു. ഇന്ത്യ യഥാർത്ഥത്തിൽ സ്വതന്ത്രമായോ അതോ സ്വാതന്ത്ര്യം ഒരു തട്ടിപ്പായിരുന്നോ?

സ്വാതന്ത്ര്യത്തിനുശേഷം 1947-ൽ നടന്ന അധികാര കൈമാറ്റം യഥാർത്ഥ സ്വാതന്ത്ര്യമല്ലെന്ന് പാർട്ടി ചിന്തിക്കുകയും തെലുങ്കാനയിലെ അക്രമാസക്തമായ കലാപത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്തു. തങ്ങളുടെ നിലപാടുകൾക്ക് ജനകീയപിന്തുണ നേടിയെടുക്കുന്നതിൽ കമ്യൂണിസ്റ്റുകൾ പരാജയപ്പെടുകയും സായുധസേനകളാൽ അടിച്ചമർത്തപ്പെടുകയും ചെയ്തു. ഇത് അവരുടെ നിലപാടുകളെ പുനപരിശോധിക്കുവാൻ പ്രേരിപ്പിച്ചു. 1951-ൽ കമ്യൂണിസ്റ്റ് പാർട്ടി തീഷ്ണമായ വിപ്ലവപാത വെടിയുവാനും വരാൻപോകുന്ന പൊതുതെരഞ്ഞെടുപ്പിൽ പങ്കാളിയാകുവാനും തീരുമാനിച്ചു. ആദ്യ പൊതു തെരഞ്ഞെടുപ്പിൽ 16 സീറ്റുകൾ നേടി ഏറ്റവും വലിയ പ്രതിപക്ഷകക്ഷിയായി സി.പി.ഐ മാറി. ആന്ധ്രാപ്രദേശ്, പശ്ചിമ ബംഗാൾ, ബീഹാർ, കേരളം എന്നിവിടങ്ങളിലാണ് പാർട്ടിക്ക് കൂടുതൽ പിന്തുണ ലഭിച്ചിരുന്നത്.

എ.കെ. ഗോപാലൻ, എസ്.എ ഡാംഗെ, ഇ.എം.എസ് നമ്പൂതിരിപ്പാട്, പി.സി. ജോഷി, അജയ് ഘോഷ്, പി.സുന്ദരയ്യ തുടങ്ങിയവർ സി.പി.ഐ യുടെ പ്രധാന നേതാക്കന്മാരായിരുന്നു. ചൈനയും സോവിയറ്റ് യൂണിയനുമായുള്ള പ്രത്യയശാസ്ത്ര ഭിന്നതയെ തുടർന്ന് 1964-ൽ പാർട്ടിയിൽ വലിയ പിളർപ്പുണ്ടായി. സോവിയറ്റ് യൂണിയൻ അനുകൂലവിഭാഗം സി.പി.ഐ ആയി തുടരുകയും എതിരാളികൾ സി.പി.ഐ (എം) രൂപീകരിക്കുകയും ചെയ്തു. ഈ രണ്ടു പാർട്ടികളും ഇന്നും നിലനിൽക്കുന്നു.




**എ.കെ. ഗോപാലൻ (1904–1977)**

കേരളത്തിൽ നിന്നുള്ള കമ്യൂണിസ്റ്റ് നേതാവ്; തുടക്കത്തിൽ കോൺഗ്രസ് പ്രവർത്തകൻ; 1939-ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. 1964 ലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനുശേഷം സി.പി.ഐ (എം) ൽ ചേരുകയും പാർട്ടി ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കുകയും ചെയ്തു. ഒരു പാർലമെന്റേറിയനായി ആദരിക്കപ്പെട്ടു. 1952 മുതൽ പാർലമെന്റ് അംഗം.

നമുക്കൊരു സിനിമാ കാണാം

**സിംഹാസൻ**



അരുൺസാധുവിന്റെ രണ്ടു നോവലുകളായ 'സിംഹാസൻ', 'മുംബൈദിനക്' എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഈ മറാത്തി സിനിമ മഹാരാഷ്ട്രയിലെ മുഖ്യമന്ത്രിക്കസേരക്കുവേണ്ടിയുള്ള തമ്മിലടി ചിത്രീകരിക്കുന്നു. നിശബ്ദ 'സൂത്രധാരനായ' പത്രപ്രവർത്തകൻ ദിഗുടിപ്നിസിലൂടെയാണ് കഥ പറയുന്നത്. ഭരണകക്ഷിയിലെ തീവ്രമായ അധികാരമത്സരവും പ്രതിപക്ഷത്തിന്റെ അപ്രധാനമായ പങ്കും രേഖപ്പെടുത്താൻ അതു ശ്രമിക്കുന്നു.

ധനകാര്യമന്ത്രിയായ വിശ്വാസ്റാവു ദാബ്ഹെഡെ അധികാരത്തിലിരിക്കുന്ന മുഖ്യമന്ത്രിയെ പുറത്താക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തുന്നു. രണ്ടു മത്സരാർഥികളും തൊഴിലാളി സംഘടന നേതാവായ ഡികാസ്റ്റയുടെ പിന്തുണനേടാൻ ശ്രമിക്കുന്നു. ഈ ഗ്രൂപ്പുപോരിൽ മറ്റു രാഷ്ട്രീയ നേതാക്കൾ രണ്ടു വിഭാഗങ്ങളുമായും വിലപേശുന്നതിലൂടെ പരമാവധി നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നു. മുംബൈയിലെ കള്ളക്കടത്തും മഹാരാഷ്ട്ര ഗ്രാമങ്ങളിലെ ഭയാനകമായ സാമൂഹ്യയാഥാർത്ഥ്യങ്ങളും സിനിമയിലെ ഉപകഥകളാണ്.

വർഷം: 1981
സംവിധാനം: ജബ്ബാർ പട്ടേൽ
തിരക്കഥ: വിജയ് തെണ്ടുൽക്കർ
അഭിനേതാക്കൾ: നിലുഫുലെ, അരുൺ സാർനായിക്ക്, ദുഭാഷി, ദത്തഭട്ട്, മധുകർതൊറാദ്മൽ, മാധവ് വാതെ, മോഹൻ ആഗാശെ


കാലങ്ങളിൽ സ്വന്തമായി ഭരണഘടനയും സംഘടനാസംവിധാനവുമുള്ള ധാരാളം പാർട്ടികളെയും സംഘടനകളെയും കോൺഗ്രസിൽ തുടരുന്നതിന് അനുവദിച്ചിരുന്നു. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി പോലെയുള്ള ചിലർ പിന്നീട് കോൺഗ്രസിൽ നിന്ന് വേർപിരിയുകയും പ്രതിപക്ഷപാർട്ടികളായി മാറുകയും ചെയ്തു. പ്രവർത്തനരീതി, നിർദിഷ്ടപരിപാടികൾ, നയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വ്യത്യസ്തതകൾക്കിടയിലും അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കാൻ സാധിച്ചില്ലെങ്കിലും ഒരു സമവായം ഉണ്ടാക്കുന്നതിന് പാർട്ടിക്ക് കഴിഞ്ഞു.

**സഹിഷ്ണുതയും വിവിധ വിമതവിഭാഗങ്ങളുടെ നടത്തിപ്പും (Tolerance and management of factions)**

കോൺഗ്രസിന്റെ ഈ കൂട്ടുകക്ഷിസ്വഭാവം അതിന് അസാധാരണമായ ശക്തി നൽകി. ഒന്നാമതായി ഒരു കൂട്ടുകക്ഷിസമ്പ്രദായം അതിൽ ചേരുന്ന എല്ലാവരെയും ഉൾക്കൊള്ളുന്നു. അതിനാൽ തീവ്രനിലപാടുകൾ ഒഴിവാക്കി എല്ലാ പ്രശ്നങ്ങളെയും സമതുലിതാവസ്ഥയിൽ കാണേണ്ടതുണ്ട് എന്നതാണ്. വിട്ടുവീഴ്ചയും ഉൾക്കൊള്ളലുമാണ് കൂട്ടുകക്ഷി സമ്പ്രദായത്തിന്റെ മുഖമുദ്ര. ഈ നിലപാട് പ്രതിപക്ഷത്തെ പ്രതിരോധത്തിലാക്കി. പ്രതിപക്ഷം പറയണമെന്നാഗ്രഹിക്കുന്നതെല്ലാം കോൺഗ്രസിന്റെ പരിപാടികളിലും പ്രത്യയശാസ്ത്രത്തിലും ഇടംപിടിക്കും. രണ്ടാമതായി, കൂട്ടുകക്ഷി സ്വഭാവമുള്ള ഒരു രാഷ്ട്രീയകക്ഷിക്ക് വ്യത്യസ്ത ഗ്രൂപ്പുകളുടെയും നേതാക്കന്മാരുടെയും ആശയാഭിലാഷങ്ങളെ ഉൾക്കൊള്ളുവാനും വൈരുദ്ധ്യങ്ങളോട് സഹിഷ്ണുത പുലർത്തുവാനും കഴിയുന്നു. ഇതെല്ലാം കോൺഗ്രസ് സ്വാതന്ത്ര്യസമരകാലഘട്ടത്തിലും അതിനുശേഷവും തുടർന്നു. ഇതുകൊണ്ടാണ് ഏതെങ്കിലും ഒരു ഗ്രൂപ്പ് പദവിയിലോ അധികാരത്തിലെ പങ്കാളിത്തത്തിലോ സംതൃപ്തമല്ലെങ്കിലും പാർട്ടിയിൽനിന്ന് പുറത്തു പോയി ഒരു 'പ്രതിപക്ഷ'മാകാതെ, പാർട്ടിക്കുള്ളിൽതന്നെ തുടരുകയും മറ്റു ഗ്രൂപ്പുകളുമായി പോരാടുകയും ചെയ്തത്.

പാർട്ടിക്കുള്ളിലെ ഇത്തരത്തിലുള്ള ഗ്രൂപ്പുകളെയാണ് വിമതവിഭാഗങ്ങൾ എന്നു വിളിക്കുന്നത്. കോൺഗ്രസ് പാർട്ടിയുടെ ഈ കൂട്ടുകക്ഷിസ്വഭാവം ഇത്തരം വിഭാഗങ്ങളെ അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഈ വിഭാഗങ്ങളിൽ ചിലത് പ്രത്യയശാസ്ത്രപരമായ പരിഗണനയെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ മിക്കപ്പോഴും ഈ വിഭാഗങ്ങൾ വ്യക്തിപരമായ ആശയഭിലാഷങ്ങളിലും ശത്രുതയിലും വേരൂന്നിയിരിക്കുന്നു. ആഭ്യന്തരവിഭാഗീയത കോൺഗ്രസിനെ ദുർബലപ്പെടുത്തുന്നതിനുപകരം ശക്തിപ്പെടുത്തുകയാണ് ചെയ്തത്. വിവിധവിഭാഗങ്ങൾക്ക് പരസ്പരം പോരാടിക്കുവാനുള്ള ഇടം പാർട്ടിക്കുള്ളിൽതന്നെ ഉണ്ടായിരുന്നു. വ്യത്യസ്തതാൽപര്യങ്ങളെയും പ്രത്യ

# ഭാരതീയ ജനസംഘ്


MANIFESTO & PROGRAMME
OF THE
BHARATIYA JANA SANGH

As adopted by the Bharatiya Pratinidhi Sabha, at its Bangalore Session in December 1958.

A Bharatiya Jana Sangh Publication.

ശ്യാമപ്രസാദ് മുഖർജി സ്ഥാപക പ്രസിഡന്റായി 1951-ൽ ഭാരതീയ ജനസംഘ് സ്ഥാപിതമായി. എന്നാൽ ഇതിന്റെ വംശപാരമ്പര്യം സ്വാതന്ത്ര്യത്തിനു മുമ്പുള്ള ഹിന്ദു മഹാസഭയിലേക്കും രാഷ്ട്രീയ സ്വയം സേവക സംഘിലേക്കും നീളുന്നു.

ജനസംഘം പ്രത്യയശാസ്ത്രത്തിലും പ്രവർത്തന പരിപാടികളിലും മറ്റു പാർട്ടികളിൽ നിന്നും വിഭിന്നമായിരുന്നു. ഒരു രാജ്യം, ഒരു സംസ്കാരം, ഒരു ദേശം എന്ന ആശയത്തിന് ഇത് ഊന്നൽ നൽകുകയും ഇന്ത്യൻ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമെ രാജ്യം ആധുനികവും പുരോഗമനപരവും ശക്തവുമായി തീരുകയുള്ളുവെന്ന് വിശ്വസിക്കുകയും ചെയ്തു. അഖണ്ഡ ഭാരതം എന്ന ആശയത്തിലൂടെ ഇന്ത്യയും പാകിസ്ഥാനും പുനരേകീകരിക്കപ്പെടണമെന്ന് പാർട്ടി ആഹ്വാനം ചെയ്തു. ഇംഗ്ലീഷ് ഭാഷയ്ക്ക് പകരം ഹിന്ദിയെ ഇന്ത്യയുടെ ഔദ്യോഗികഭാഷയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിൽ മുന്നണിപ്പോരാളിയായി ഈ പാർട്ടി നിലകൊണ്ടു. കൂടാതെ, മതസംസ്കാരിക ന്യൂനപക്ഷങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനെ എതിർക്കുകയും ചെയ്തു. 1964-ലെ ചൈനയുടെ ആണവ പരീക്ഷണത്തിനു ശേഷം ഇന്ത്യ ആണവ ആയുധങ്ങൾ വികസിപ്പിക്കണമെന്ന് പാർട്ടി നിരന്തരം ആവശ്യപ്പെട്ടിരുന്നു.


1950-കളിൽ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിന്റെ അരികിൽ മാത്രം നിൽക്കുകയും 1952-ലെ ലോകസഭാതെരഞ്ഞെടുപ്പിൽ 3 സീറ്റുകളും 1957-ലെ ലോകസഭാതെരഞ്ഞെടുപ്പിൽ 4 സീറ്റുകളും മാത്രമേ പാർട്ടിക്കു നേടാനായുള്ളൂ. പ്രാരംഭഘട്ടത്തിൽ രാജസ്ഥാൻ, മധ്യപ്രദേശ്, ഡൽഹി, ഉത്തർപ്രദേശ് തുടങ്ങിയ ഹിന്ദി സംസാരിക്കുന്ന സംസ്ഥാനങ്ങളുടെ നഗരപ്രദേശങ്ങളിൽ നിന്നാണ് പ്രധാനമായും ഇതിന് പിന്തുണ ലഭിച്ചത്. ശ്യാമപ്രസാദ് മുഖർജി, ദീൻ ദയാൽ ഉപാധ്യായ, ബാൽരാജ് മധോക്ക് തുടങ്ങിയവർ പാർട്ടിയുടെ നേതാക്കന്മാരായിരുന്നു. ഭാരതീയ ജനസംഘിൽ നിന്നുമാണ് ഭാരതീയ ജനതാപാർട്ടി രൂപം കൊണ്ടത്.




**ദീൻ ദയാൽ ഉപാധ്യായ**
**(1916-1968)**

1942 മുതൽ മുഴുവൻ സമയ ആർ.എസ്.എസ് പ്രവർത്തകർ, ഭാരതീയ ജനസംഘത്തിന്റെ സ്ഥാപക അംഗം, ഭാരതീയ ജനസംഘത്തിന്റെ ജനറൽ സെക്രട്ടറിയും പിന്നീട് അതിന്റെ പ്രസിഡന്റും, 'സമഗ്രമാനവമതം' എന്ന ആശയത്തിന്റെ പ്രയോക്താവായിരുന്നു.

യശാസ്ത്രങ്ങളെയും പ്രതിനിധീകരിക്കുന്ന നേതാക്കന്മാർ പുറത്തുപോയി മറ്റുപാർട്ടികൾ രൂപീകരിക്കാതെ കോൺഗ്രസിനുള്ളിൽ തന്നെ തുടർന്നുവെന്ന് ഇതർഥമാക്കുന്നു.



പാർട്ടിക്കുള്ളിലെ വിഭാഗങ്ങൾ ചികിത്സിക്കേണ്ട ഒരു രോഗമാണെന്ന് ഞാൻ ചിന്തിച്ചിരുന്നു. വിഭാഗങ്ങൾ സ്വാഭാവികവും നല്ലതുമാണെന്ന് നിങ്ങൾ കരുതുന്നു.

അനേകം വിഭാഗങ്ങളുടെ ഒത്തുചേരലിലൂടെ രൂപീകൃതമായതാണ് കോൺഗ്രസിന്റെ മിക്ക സംസ്ഥാന യൂണിറ്റുകളും. ഇതിലെ വിവധവിഭാഗങ്ങൾ വ്യത്യസ്ത പ്രത്യശാസ്ത്ര നിലപാടുകൾ സ്വീകരിച്ചതിനാൽ കോൺഗ്രസ് ഒരു വലിയ കേന്ദ്രീകൃത പാർട്ടിയായി വിലയിരുത്തുന്നതിന് ഇടയാക്കി. മറ്റു പാർട്ടികൾ പ്രാഥമികമായി ഈ വിഭാഗങ്ങളെ സ്വാധീനിക്കുവാൻ ശ്രമിക്കുകയും അതുവഴി അരികിൽനിന്നുകൊണ്ട് കോൺഗ്രസിന്റെ നയങ്ങളെയും തീരുമാനങ്ങളെടുക്കലുകളെയും പരോക്ഷമായി സ്വാധീനിക്കുവാൻ ശ്രമിച്ചു. ഈ വിഭാഗങ്ങളെല്ലാം യഥാർഥ അധികാരത്തിന്റെ പ്രയോഗത്തിൽനിന്നും അകറ്റിനിർത്തി. ഇവർ ഭരണകക്ഷിക്ക് ഒരിക്കലും ബദലായിരുന്നില്ല. പകരം നിരന്തരം കോൺഗ്രസിനെ വിമർശിക്കുകയും സമ്മർദത്തിലാഴ്ത്തുകയും കോൺഗ്രസിനെ കുറ്റപ്പെടുത്തുകയും സ്വാധീനിക്കുകുയം ചെയ്തു. ഭരണകക്ഷിക്കുള്ളിലെ തുലനസംവിധാനമായിട്ടാണ് ഈ വിഭാഗങ്ങൾ പ്രവർത്തിച്ചിരുന്നത്. അതുകൊണ്ടുതന്നെ രാഷ്ട്രീയമൽസരം കോൺഗ്രസിനുള്ളിൽ തന്നെ നടക്കുന്നു. ഈ അർത്ഥത്തിൽ തെരഞ്ഞെടുപ്പു പോരാട്ടത്തിന്റെ ആദ്യദശകങ്ങളിൽ കോൺഗ്രസ് ഭരണകക്ഷിയായും പ്രതിപക്ഷമായും പ്രവർത്തിച്ചു. അതിനാൽ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ഈ കാലഘട്ടത്തെ "കോൺഗ്രസ് വ്യവസ്ഥ"എന്നു വിശേഷിപ്പിക്കപ്പെടുന്നു.



TUG OF WAR RESUMED


പ്രതിപക്ഷത്തിന്റെയും ഗവൺമെന്റിന്റെയും ശക്തിയെ സംബന്ധിച്ച ഒരു താരതമ്യം ചെയ്യുന്നതാണ് കാർട്ടൂണിസ്റ്റ് ഒരു 'വടംവലി' ആയി ഇവിടെ ചിത്രീകരിച്ചിരിക്കുന്നു. (29, ആഗസ്റ്റ് 1964) മരത്തിലിരിക്കുന്നവർ നെഹ്റുവും അദ്ദേഹത്തിന്റെ കാബിനറ്റിലെ സഹപ്രവർത്തകരുമാണ്. പ്രതിപക്ഷ നേതാക്കന്മാരായ എ.കെ. ഗോപാലൻ, ആചാര്യ കൃപലാനി, എൻ.സി. ചാറ്റർജി, ശ്രീകണ്ഠൻ നായർ, സർദ്ദാർ ഹുക്കുംസിംഗ് എന്നിവരാണ് മരത്തെ മറിച്ചിടാൻ ശ്രമിക്കുന്നത്.

## പ്രതിപക്ഷ കക്ഷികളുടെ ആവിർഭാവം
## (Emergence of Opposition Parties)

മുകളിൽ സൂചിപ്പിച്ചതുപോലെ, ഈ കാലയളവിൽ ഇന്ത്യയിൽ പ്രതിപക്ഷകക്ഷികൾ ഇല്ല എന്നല്ല ഇതിനർഥം. തെരഞ്ഞെടുപ്പു ഫലങ്ങൾ ചർച്ച ചെയ്തപ്പോഴൊക്കെ കോൺഗ്രസിനോടൊപ്പം മറ്റ് നിരവധി പാർട്ടികളുടെ പേരുകളും നാം കാണുകയുണ്ടായി. മറ്റു ബഹുകക്ഷി രാജ്യങ്ങളെക്കാൾ ഊർജസ്വലവും വിഭിന്നവുമായ ധാരാളം പ്രതിപക്ഷകക്ഷികൾ ഇന്ത്യയിലുണ്ടായിരുന്നു. ഇവയിൽ ചിലത് 1952-ലെ ഒന്നാം തെരഞ്ഞെടുപ്പിനു മുമ്പേ സ്ഥാപിതമായതാണ്. അറുപതുകളിലെയും എഴുപതുകളിലെയും രാഷ്ട്രീയത്തിൽ ഇവയിൽ ചില പാർട്ടികൾ പ്രധാന പങ്കു വഹിച്ചിരുന്നു. ഇന്നു കാണുന്ന മിക്ക കോൺഗ്രസ് ഇതര രാഷ്ട്രീയ പാർട്ടികളുടെയും ഉത്ഭവം 1950-ലെ പ്രതിപക്ഷ കക്ഷികളിൽ നിന്നാണ്.

ഈ കാലയളവിൽ എല്ലാ പ്രതിപക്ഷ രാഷ്ട്രീയകക്ഷികളും ലോകസഭയിലും സംസ്ഥാന നിയമസഭകളിലും നാമമാത്ര പ്രാതിനിധ്യം മാത്രമെ നേടിയെടുത്തുള്ളു. എന്നിരുന്നാലും ഇവയുടെ സാന്നിദ്ധ്യം ജനാധിപത്യവ്യവസ്ഥയുടെ സ്വഭാവം നിലനിർത്തുന്നതിൽ നിർണായക പങ്കുവഹിച്ചു. കോൺഗ്രസ് പാർട്ടിയുടെ നയങ്ങളെയും പ്രവർത്തനങ്ങളെയും നിരന്തരമായും പലപ്പോഴും തത്ത്വാധിഷ്ഠിതമായും ഈ പാർട്ടികൾ വിമർശിച്ചു. ഇത് ഭരണകക്ഷിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും കോൺഗ്രസിനുള്ളിലെ സന്തുലിതാവസ്ഥ മാറ്റുന്നതിനും കാരണമായി. ജനാധിപത്യ രാഷ്ട്രീയ ബദൽ സജീവമാക്കുന്നതോ

# സ്വതന്ത്ര പാർട്ടി




ഭൂപരിധി നിശ്ചയിക്കൽ, ഭക്ഷ്യധാന്യങ്ങളുടെ വ്യാപാരം രാഷ്ട്രം ഏറ്റെടുക്കൽ, സഹകരണാടിസ്ഥാനത്തിലുള്ള കൃഷിരീതി എന്നിവ ആഹ്വാനം ചെയ്ത കോൺഗ്രസിന്റെ നാഗ്പൂർ പ്രമേയത്തിനുശേഷം 1959 ആഗസ്റ്റിൽ സ്വതന്ത്ര പാർട്ടി രൂപീകൃതമായി. പഴയകാല കോൺഗ്രസ് നേതാക്കന്മാരായ സി.രാജഗോപാലാചാരി, കെ.എം. മുൻഷി, എൻ.ജി. രംഗ, മീനു മസാനി എന്നിവരായിരുന്നു പാർട്ടിയെ നയിച്ചത്. മറ്റുപാർട്ടികളിൽ നിന്നും സാമ്പത്തിക വിഷയങ്ങളിൽ വ്യത്യസ്ത നിലപാടാണ് പാർട്ടി സ്വീകരിച്ചത്.

സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്നതിൽ വളരെ കുറഞ്ഞ ഇടപെടൽ മാത്രമേ ഭരണകൂടം നടത്താവൂ എന്ന് പാർട്ടി ആഗ്രഹിച്ചു. വ്യക്തി സ്വാതന്ത്ര്യത്തിൽ നിന്നുമാത്രമേ അഭിവൃദ്ധി ഉണ്ടാവുകയുള്ളൂവെന്ന് പാർട്ടി വിശ്വസിച്ചു. സമ്പത്ത് വ്യവസ്ഥയിൽ രാഷ്ട്രം ഇടപെടുന്ന വികസനതന്ത്രം, കേന്ദ്രീകൃത ആസൂത്രണം, ദേശസാൽക്കരണം, പൊതുമേഖല എന്നിവയെ പാർട്ടി വിമർശിച്ചു.പകരം ഒരു സ്വതന്ത്ര സ്വകാര്യ മേഖലയുടെ വ്യാപനത്തിനായി ഇതു നിലകൊണ്ടു. സഹകരണാടിസ്ഥാനത്തിലുള്ള കൃഷി, രാഷ്ട്ര നിയന്ത്രിത വ്യാപാരം, കൃഷിഭൂമിയുടെ പരിധി നിശ്ചയിക്കൽ എന്നിവയെ സ്വതന്ത്ര പാർട്ടി എതിർത്തു. കൂടാതെ വരുമാനത്തിനാനുപതികയയമായി നികുതി വർധിപ്പിക്കുന്ന സമ്പ്രദായത്തെ എതിർക്കുകയും ലൈസൻസ് സമ്പ്രദായം പൊളിച്ചെഴുതണമെന്ന് ആവശ്യപ്പെടുകയും ചെയതു. ചേരിചേരായ്മ എന്ന വിദേശനയത്തെയും സോവിയറ്റ് യൂണിയനോടുള്ള സൗഹൃദബന്ധത്തെയും അവർ വിമർശിച്ചു. അമേരിക്കയുമായി അടുത്തബന്ധം സ്ഥാപിക്കണമെന്ന് അവർ വാദിച്ചു. വിവിധ പ്രദേശിക രാഷ്ട്രീയ പാർട്ടികളുടെ താൽപര്യങ്ങളുമായി ലയിക്കുന്നതിലൂടെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സ്വതന്ത്ര പാർട്ടി സ്വാധീനം നേടി. ഭൂപരിഷ്കരണ നിയമം വഴി ഭൂമിയും പദവിയും നഷ്ടപ്പെടുമെന്നു ഭയന്നിരുന്ന രാജാക്കന്മാരും ജന്മിമാരും പാർട്ടിയിലേക്ക് ആകർഷിക്കപ്പെട്ടു. ദേശസാൽക്കരണത്തെയും ലൈസൻസ് നയങ്ങളെയും എതിർത്തിരുന്ന വ്യാപാരികളും വ്യവസായികളും പാർട്ടിക്കു പിന്തുണനൽകി. ഇതിന്റെ സങ്കുചിത സാമൂഹിക അടിത്തറയും അർപ്പണനോഭാവമുള്ള പാർട്ടി അംഗങ്ങളുടെ അഭാവവും ഒരു ശക്തമായ സംഘടനാസംവിധാനം ഉണ്ടാക്കിയെടുക്കുന്നതിൽ നിന്ന് ഇതിനെ തടഞ്ഞു.




**സി.രാജഗോപാലാചാരി (1878–1972)**

കോൺഗ്രസിലെ മുതിർന്ന നേതാവും സാഹിത്യകാരനും; മഹാത്മാഗാന്ധിയുടെ സന്തതസഹചാരി; ഭരണഘടനാ നിർമാണസമിതി അംഗം; സ്വതന്ത്ര ഇന്ത്യയുടെ ഇന്ത്യക്കാരനായ ആദ്യ ഗവർണർ ജനറൽ (1948–1950) കേന്ദ്ര ക്യാബിനറ്റ് മന്ത്രി; പിന്നീട് മദ്രാസ് സംസ്ഥാന മുഖ്യമന്ത്രി; ആദ്യ ഭാരതരത്ന പുരസ്കാര ജേതാവ്; സ്വതന്ത്ര പാർട്ടിയുടെ സ്ഥാപകൻ (1959).

"കോൺഗ്രസിലും ഗവൺമെന്റിലുമുള്ള എന്റെ സാന്നിധ്യത്തെക്കാൾ പ്രധാനം ടണ്ഠന്റെ തിരഞ്ഞെടുപ്പാണ് (കോൺഗ്രസ് അംഗങ്ങളാലുള്ള)... കോൺഗ്രസിലും ഗവൺമെന്റിലും എന്റെ പരമാവധി കഴിവ് ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു."

**ജവഹർലാൽ നെഹ്റു**

തന്റെ ആഗ്രഹത്തിന് വിരുദ്ധമായി ടണ്ഠനെ കോൺഗ്രസ് പ്രസിഡന്റായി തെരഞ്ഞെടുത്തശേഷം ജവഹർലാൽ നെഹ്റു രാജാജിക്കെഴുതിയ കത്തിലെ ഒരു ഭാഗം

ടൊപ്പം ഈ പാർട്ടികൾ ജനാധിപത്യവിരുദ്ധ നിലപാടു സ്വീകരിക്കുന്നതിൽ നിന്ന് കോൺഗ്രസിനെ തടയുകയും ചെയ്തു. നമ്മുടെ രാഷ്ട്രത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ട നേതാക്കന്മാരെ ഈ പാർട്ടികൾ വളർത്തുകയുണ്ടായി.

ആദ്യകാലങ്ങളിൽ കോൺഗ്രസ് നേതാക്കന്മാരും പ്രതിപക്ഷ നേതാക്കന്മാരും പരസ്പര ബഹുമാനത്തോടെയായിരുന്നു പെരുമാറിയത്. സ്വാതന്ത്ര്യ പ്രഖ്യാപനത്തിനുശേഷം അധികാരത്തിൽ വന്ന ഇടക്കാല ഗവൺമെന്റിലും തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിലും പ്രതിപക്ഷ നേതാക്കളായിരുന്ന ഡോ.അംബേദ്കർ, ശ്യാമ പ്രസാദ് മുഖർജി എന്നിവരെ ക്യാബിനറ്റിൽ ഉൾപ്പെടുത്തി. ജവഹർലാൽ നെഹ്റുവിന് സോഷ്യലിസ്റ്റ് പാർട്ടിയോടുള്ള വാൽസല്യം കാരണം സോഷ്യലിസ്റ്റ് നേതാവായ ജയപ്രകാശ് നാരായണനെ മന്ത്രിസഭയിൽ ചേരാൻ ക്ഷണിച്ചു. ഇത്തരത്തിലുള്ള എല്ലാ വ്യക്തിബന്ധങ്ങളും രാഷ്ട്രീയ എതിരാളികളോടുള്ള ബഹുമാനവും രാഷ്ട്രീയപാർട്ടികൾക്കിടയിലുള്ള മത്സരം തീവ്രമായതിനുശേഷം നഷ്ടമായി.

അങ്ങനെ രാജ്യത്തെ ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഒന്നാംഘട്ടം തികച്ചും സവിശേഷമായിരുന്നു. എല്ലാത്തിനെയും ഉൾക്കൊള്ളാൻ കഴിവുള്ള ദേശീയ



ചക്രവർത്തി രാജഗോപാലാചാരി, 1948 ൽ ഗവർണർ ജനറലായി സത്യപ്രതിജ്ഞ ചെയ്തശേഷം നെഹ്റു മന്ത്രിസഭയോടൊപ്പം. ഇരിക്കുന്നവർ ഇടത്തുനിന്നും വലത്തോട്ട്: റാഫി അഹമ്മദ് കിദ്വായ്, ബൽദേവ് സിങ്, മൗലാന ആസാദ്, പ്രധാനമന്ത്രി നെഹ്റു, ചക്രവർത്തി രാജഗോപാലാചാരി, സർദാർ വല്ലഭായി പട്ടേൽ, രാജ്കുമാരി അമൃത്കൗർ, മിസ്റ്റർ ജോൺ മത്തായി, ജഗ്ജീവൻ റാം. നിൽക്കുന്നവർ ഇടത്തുനിന്നും വലത്തോട്ട്: മിസ്റ്റർ ഗാഡ്ഗിൽ, മിസ്റ്റർ നിയോഗി, ഡോ. അംബേദ്കർ, ശ്യാമപ്രസാദ് മുഖർജി, മിസ്റ്റർ ഗോപാലസ്വാമി അയ്യങ്കാർ, മിസ്റ്റർ ജയരാമദാസ് ദൗലത്ത്റാം

## ഒരു ബീഹാർ ഗ്രാമത്തിലെ പാർട്ടിമത്സരം



രണ്ടുപോത്തുകൾ തമ്മിൽ ഏറ്റുമുട്ടുമ്പോൾ അവ നിൽക്കുന്ന സ്ഥലത്തെ പുല്ല് ചവിട്ടി മെതിക്കപ്പെടും. അടിയിലെ പുല്ല് ചതഞ്ഞരയും. കോൺഗ്രസും സോഷ്യലിസ്റ്റ് പാർട്ടിയും തമ്മിൽ പരസ്സ്പരം ഏറ്റുമുട്ടുകയാണ്. രണ്ടു കൂട്ടർക്കും പുതിയ അംഗങ്ങളെ ചേർക്കണം. ഈ രണ്ട് അരകല്ലുകൾക്കിടയിലാണ് പാവം ജനങ്ങളുടെ സ്ഥാനം.

"അങ്ങനെയല്ല, പാവപ്പെട്ട ആൾക്കാർ മെതിക്കപ്പെടുകയല്ല. യഥാർത്ഥത്തിൽ അവർക്കതിൽ നിന്നു ഗുണമേ കിട്ടു"- എന്നായിരിക്കും ചിലരുടെ മറുപടി. ഒരു പാർട്ടിയെക്കൊണ്ടുമാത്രം കാര്യങ്ങൾ പൂർത്തീകരിക്കാൻ കഴിയില്ല. രണ്ടു വിഭാഗങ്ങളും തമ്മിലുള്ള വൈരാഗ്യവും മൽസരവും പൊതുജനങ്ങൾക്ക് ഗുണം ചെയ്യും.

സോഷ്യലിസ്റ്റ് പാർട്ടിയുടെ യോഗത്തെക്കുറിച്ചുള്ള വാർത്ത സാന്താളുകളെ പ്രകോപിപ്പിച്ചു. ഒരു പുതിയ ആശുപത്രിയുടെ ഉദ്ഘാടനത്തെ സംബന്ധിച്ച വാർത്തയൊന്നും അവരിൽ ഒരുമതിപ്പും ഉണ്ടാക്കാറില്ല. ഗ്രാമവാസികളുടെ വഴക്കോ കയ്യാങ്കളിയോ സൗഹൃദക്കൂടിച്ചേരലോ ഒന്നും സാന്താളുകൾ ശ്രദ്ധിക്കാറില്ല. പക്ഷേ ഈ യോഗം മണ്ണിൽ ഉഴുതുന്നവർക്കുവേണ്ടിയുള്ളതായിരുന്നു.... ആർക്കായിരിക്കണം ഭൂമിയുടെ അവകാശം? ഉഴുതുന്നവൻ വിതക്കും, വിതക്കുന്നവൻ കൊയ്യും, പണിയെടുക്കുന്നവൻ ഭക്ഷിക്കും, എന്തുതന്നെയായാലും! കാളിചരന്റെ വാക്കുകൾ ഉയർന്നുകേട്ടു.

കോൺഗ്രസ് പാർട്ടിയുടെ ജില്ലാ ഓഫീസിലും ചില കോലാഹലങ്ങൾ ഉണ്ടായിരുന്നു. ഉടനെതന്നെ അവർക്ക് പാർട്ടി അധ്യക്ഷനെ തെരഞ്ഞെടുക്കണമായിരുന്നു. അവിടെ മൊത്തം നാലു സ്ഥാനാർത്ഥികളുണ്ടായിരുന്നു. രണ്ട് യഥാർത്ഥ മത്സരാർത്ഥികളും രണ്ടു ഡമ്മികളും. ഇത് രജപുത്രരും ഭൂമിഹാറും തമ്മിലുള്ള മൽസരമായിരുന്നു. രണ്ടു ജാതിയിലെയും സമ്പന്നരായ ജന്മിമാരും വ്യാപാരികളും പ്രചരണത്തിനായി അവരുടെ കാറുകളിൽ ജില്ല മുഴുവനും കറങ്ങി നടക്കുകയാണ്. എല്ലാ തരത്തിലുമുള്ള ചെളിവാരിയെറിയലുകൾ അവർക്കിടയിൽ നടന്നുകൊണ്ടിരുന്നു. കാദിഹാർ കോട്ടൺ മില്ലുടമസ്ഥനായ സേഥ് ആയിരുന്നു ഭൂമിഹാർ പാർട്ടിയെ പ്രതിനിധികരിച്ചത്. ഫാർബി ഗാംഗ് ചണമില്ലിന്റെ ഉടമസ്ഥനായിരുന്നു രജപുത്രരെ പ്രതിനിധികരിച്ചിരുന്നത്. അവർ ഇതിനായി വാരിയെറിയുന്ന പണം നിങ്ങൾ കാണേണ്ടതുതന്നെയാണ്.

ഫണീശ്വർനാഥ് രേണുവിന്റെ 'മൈല ആഞ്ചൽ' എന്ന നോവലിന്റെ വിവർത്തനം ചെയ്ത ഒരു ഭാഗം. വടക്കുകിഴക്കൻ ബീഹാറിലെ പൂർണിയ ജില്ലയിലെ സ്വാതന്ത്ര്യത്തിനുശേഷമുള്ള ജീവിതസാഹചര്യം അടിസ്ഥാനമാക്കി എഴുതിയ നോവൽ.

പ്രസ്ഥാനം നയിച്ച കോൺഗ്രസിന് വിവിധ വിഭാഗങ്ങളെയും ഗ്രൂപ്പുകളെയും, താൽപര്യങ്ങളെയും ആകർഷിക്കാനുള്ള ശേഷി അതിനെ വിശാലാർത്ഥത്തിലുള്ള സാമൂഹികവും പ്രത്യയശാസ്ത്രപരവുമായ മുന്നണിയാക്കി മാറ്റി. സ്വാതന്ത്ര്യ സമരത്തിലെ കോൺഗ്രസിന്റെ മുഖ്യപങ്ക് മറ്റ് പ്രസ്ഥാനങ്ങളുടെ മേൽ മുൻതൂക്കം നൽകി. എല്ലാ താൽപര്യങ്ങളെയും രാഷ്ട്രീയ അധികാരകക്ഷികളെയും ഉൾക്കൊള്ളുവാനുള്ള കോൺഗ്രസിന്റെ ശേഷി ക്രമാനുഗതമായി കുറഞ്ഞതോടെ മറ്റു രാഷ്ട്രീയ പാർട്ടികൾ വലിയ പ്രാധാന്യം നേടുവാൻ തുടങ്ങി. രാജ്യത്തെ രാഷ്ട്രീയത്തിന്റെ ഒരു ഘട്ടത്തെ മാത്രമെ കോൺഗ്രസ് മേധാവിത്വം രൂപപ്പെടുത്തുന്നുള്ളൂ. ഈ പാഠപുസ്തകത്തിന്റെ പിന്നീടുള്ള ഭാഗങ്ങളിൽ മറ്റു ഘട്ടങ്ങളിലൂടെ നാം കടന്നുപോകും.



**ശ്യാമപ്രസാദ് മുഖർജി (1901–1953)**

ഹിന്ദുമഹാസഭയുടെ നേതാവ്; ഭാരതീയ ജനസംഘ സ്ഥാപകൻ; സ്വതന്ത്ര ഇന്ത്യയിലെ ആദ്യ നെഹ്റു മന്ത്രി സഭയിലെ ക്യാബിനറ്റ് മന്ത്രി; ഇന്ത്യാ പാകിസ്ഥാൻ ബന്ധത്തിലെ വിയോജിപ്പിനെ തുടർന്ന് 1950-ൽ രാജിവച്ചു. ഭരണഘടനാ നിർമാണസമതി അംഗം; പിന്നീട് ഒന്നാം ലോക്സഭയിലെ അംഗം; ജമ്മുകാശ്മീരിന് സ്വയം ഭരണം നൽകിയ ഇന്ത്യയുടെ നയത്തെ എതിർത്തു; കാശ്മീർ നയത്തിനെതിരെ ജനസംഘത്തിന്റെ പ്രക്ഷോഭത്തെതുടർന്ന് അറസ്റ്റ്, തടവിൽ കിടന്ന് മരണം.

# അഭ്യാസം

1. ശരിയുത്തരം തെരഞ്ഞെടുത്ത് വിട്ടുപോയഭാഗം പൂരിപ്പിക്കുക.
   (a) 1952 ൽ നടന്ന ആദ്യപൊതുതെരഞ്ഞെടുപ്പ് ഒരേ സമയം ലോകസഭയിലേക്കും ............

   (ഇന്ത്യൻ പ്രസിഡന്റ്/സംസ്ഥാന നിയമസഭകൾ/രാജ്യസഭ/പ്രധാനമന്ത്രി)

   (b) ഒന്നാം പൊതുതെരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ സീറ്റ് ലോക്സഭയിൽ നേടിയ രണ്ടാമത്തെ വലിയ പാർട്ടി................

   (പ്രജാ സോഷ്യലിസ്റ്റ് പാർട്ടി/ഭാരതീയ ജനസംഘം/കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ/ഭാരതീയ ജനതാപാർട്ടി)

   (c) ഇവയിൽ ഏത് പ്രത്യയശാസ്ത്രമാണ് സ്വതന്ത്രപാർട്ടിയെ മുന്നോട്ടു നയിക്കുന്നത്.....

   (തൊഴിലാളി വർഗതാൽപര്യം/നാട്ടുരാജ്യസംരക്ഷണം/രാഷ്ട്ര നിയന്ത്രണമുക്തമായ സമ്പദ്ഘടന/കേന്ദ്രത്തിൽ നിന്നും സ്വതന്ത്രമായ സംസ്ഥാനങ്ങൾ)

2. ലിസ്റ്റ് (A) യിൽ കൊടുത്തിരിക്കുന്ന നേതാക്കന്മാരെ ലിസ്റ്റ് (B)യിൽ കൊടുത്തിരിക്കുന്ന പാർട്ടികളുമായി ചേരുംപടി ചേർക്കുക.

| | ലിസ്റ്റ് A | | ലിസ്റ്റ് B |
|---|---|---|---|
| (a) | എസ്.എ. ഡാംഗെ | i. | ഭാരതീയ ജനസംഘ് |
| (b) | ശ്യാമപ്രസാദ് മുഖർജി | ii. | സ്വതന്ത്ര പാർട്ടി |
| (c) | മീനു മസാനി | iii. | പ്രജാ സോഷ്യലിസ്റ്റ് പാർട്ടി |
| (d) | അശോക് മേത്ത | iv. | കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ |

3. ഏകകക്ഷി മേധാവിത്വവുമായി ബന്ധപ്പെട്ട നാലു പ്രസ്താവനകൾ താഴെ കൊടുത്തിരിക്കുന്നു. തെറ്റും ശരിയും അടയാളപ്പെടുത്തുക.
   (a) ശക്തരായ ബദൽ രാഷ്ട്രീയ പാർട്ടികളുടെ അഭാവത്തിലാണ് ഏകകക്ഷി മേധാവിത്വം വേരൂന്നിയിരിക്കുന്നത്.
   (b) ദുർബലമായ പൊതുജനാഭിപ്രായമാണ് ഏകകക്ഷി മേധാവിത്വത്തിന്റെ കാരണം.
   (c) ഏകകക്ഷി മേധാവിത്വം രാഷ്ട്രത്തിന്റെ കൊളോണിയൽ കാലഘട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു.
   (d) ഏകകക്ഷി മേധാവിത്വം പ്രതിഫലിപ്പിക്കുന്നത് രാജ്യത്തെ ജനാധിപത്യ ആശയങ്ങളുടെ അഭാവമാണ്.
4. ഭാരതീയ ജനസംഘമോ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയോ ആണ് ആദ്യ തെരഞ്ഞെടുപ്പിനുശേഷം ഗവൺമെന്റ് ഉണ്ടാക്കിയിരുന്നതെങ്കിൽ ഗവൺമെന്റ് നയത്തിൽ എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ടാകുമായിരുന്നു ? രണ്ടു പാർട്ടികളുടേയും മൂന്നു വ്യത്യാസങ്ങൾ വീതം പ്രതിപാദിക്കുക.
5. എന്ത് അർത്ഥത്തിലാണ് കോൺഗ്രസ് ഒരു പ്രത്യയശാസ്ത്രപരമായ മുന്നണി ആകുന്നത്? കോൺഗ്രസിനുള്ളിലെ വിവിധ ആശയധാരകൾ എന്തെല്ലാം?
6. ഏകകക്ഷി മേധാവിത്വ വ്യവസ്ഥയുടെ പ്രാമുഖ്യം ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ജനാധിപത്യസ്വഭാവത്തെ പ്രതികൂലമായി ബാധിക്കുമോ?
7. സോഷ്യലിസ്റ്റ് പാർട്ടിയും കമ്യൂണിസ്റ്റ് പാർട്ടിയും തമ്മിലും ഭാരതീയ ജനസംഘവും സ്വതന്ത്രപാർട്ടിയും തമ്മിലുമുള്ള മൂന്നു വ്യത്യാസങ്ങൾ വീതം എഴുതുക.
8. മെക്സിക്കോയിലേയും ഇന്ത്യയിലേയും ഏകകക്ഷിമേധാവിത്വത്തിന്റെ പ്രധാന വ്യത്യാസങ്ങളായി നിങ്ങൾ പരിഗണിക്കുന്നവ എന്തെല്ലാം?

9. ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടമെടുത്ത് (സംസ്ഥാനങ്ങളുടെ അതിരുകൾ സൂചിപ്പിക്കുന്ന) അടയാളപ്പെടുത്തുക.
   (a) 1952-നും 1967-നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ എപ്പോഴെങ്കിലും കോൺഗ്രസ് അധികാരത്തിൽ ഇല്ലായിരുന്ന രണ്ടു സംസ്ഥാനങ്ങൾ.
   (b) ഈ കാലയളവിൽ കോൺഗ്രസ് അധികാരത്തിലുണ്ടായിരുന്ന രണ്ടു സംസ്ഥാനങ്ങൾ.

10. ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക?

*"കോൺഗ്രസിന്റെ പ്രമുഖ സംഘാടകനായ പട്ടേൽ, രാഷ്ട്രീയ സംഘങ്ങളിൽനിന്നും കോൺഗ്രസിനെ ശുദ്ധീകരിക്കുന്നതിനോടൊപ്പം അച്ചടക്കവും യോജിപ്പുമുള്ള ഒരു രാഷ്ട്രീയപാർട്ടിയായി അതിനെ മാറ്റാനും ആഗ്രഹിച്ചു. അദ്ദേഹം, കോൺഗ്രസിനെ എങ്ങിനെയും ഉൾക്കൊള്ളുന്ന സവിശേഷസ്വഭാവത്തിൽനിന്ന് അകറ്റുന്നതിനും നന്നായി തുന്നിച്ചേർക്കപ്പെട്ട അച്ചടക്കമുള്ള അംഗങ്ങളുടെ ഒരു പാർട്ടിയായി അതിനെ മാറ്റാനും ശ്രമിച്ചു. ഒരു പ്രായോഗികവാദി എന്ന നിലയിൽ വ്യാപ്തിയേക്കാൾ ഏറെ അച്ചടക്കത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്. പ്രസ്ഥാനവുമായി മുന്നോട്ട് പോവുക എന്ന തികച്ചും കാൽപനികമായ കാഴ്ചപ്പാട് ഗാന്ധി സ്വീകരിച്ചപ്പോൾ, ഒരു ഒറ്റ പ്രത്യയശാസ്ത്രവും കടുത്ത അച്ചടക്കവുമുള്ള ഒരു രാഷ്ട്രീയപാർട്ടിയായി കോൺഗ്രസിനെ പരിവർത്തനം ചെയ്യുക എന്ന പട്ടേലിന്റെ ആശയത്തിലും, ഒരു ഗവൺമെന്റ് എന്ന നിലയിൽ വരാനിരിക്കുന്ന ദശാബ്ദങ്ങളിൽ കോൺഗ്രസിന്റെ പങ്കിനെക്കുറിച്ചുള്ള ഒരു ധാരണയുടെ അഭാവം ഉണ്ടായിരിക്കുന്നു."*

-രജനി കോത്താരി

   (a) എന്തുകൊണ്ടാണ് കോൺഗ്രസ് ഒരു ഐക്യവും അച്ചടക്കവുമില്ലാത്ത പാർട്ടിയായിട്ട് രചയിതാവിനു തോന്നിയത്?
   (b) മുൻവർഷങ്ങളിലെ കോൺഗ്രസിന്റെ തെരഞ്ഞെടുപ്പു പങ്കിന്റെ ഉദാഹരണം എഴുതുക.
   (c) ഗാന്ധിജിയുടെ കോൺഗ്രസിനെക്കുറിച്ചുള്ള കാഴ്ചപ്പാട് കാല്പനികമാണെന്ന് രചയിതാവ് പറയുന്നതെന്തുകൊണ്ട്?

## നമുക്കിത് ഒരുമിച്ചു ചെയ്യാം

1952 മുതൽ നിങ്ങളുടെ സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പിനെയും ഗവൺമെന്റിനെയുംകുറിച്ച് ഒരു ചാർട്ട് ഉണ്ടാക്കുക. തെരഞ്ഞെടുപ്പു നടന്ന തീയതി, വിജയിച്ച പാർട്ടിയുടെ പേര്, അധികാരത്തിൽ ഉള്ള പാർട്ടി/പാർട്ടികളുടെ പേര്, മുഖ്യമന്ത്രി/മുഖ്യമന്ത്രിമാരുടെ പേര് എന്നിവ ഈ ചാർട്ടിൽ ഉണ്ടാകണം.

അഭ്യാസം